# മലങ്കരസഭാ
# ചരിത്രരേഖകൾ

(Malayalam)

**Malankara Sabha Charithra Rekhakal**
(Church Historical Documents of Malankara Church)

Compiled and Edited by
**Joice Thottackad**

| | | |
|---|---|---|
| First Published | : | Feb. 23, 2019 |
| Copies | : | 500 |
| Published by | : | **Dr. Geevarghese Yulios Metropolitan**<br>M. J. D. Publishing House, Kunnamkulam |
| Cover Design,<br>Typesetting & Printing | : | Sophia Print House, Kottayam |

**Rs. 300.00**

**കവർ ചിത്രങ്ങൾ:**
1. ആർത്താറ്റ് പടിയോലയുടെ ദൃശ്യാവിഷ്ക്കരണം വി. എം. ജിജുലാൽ നടത്തിയത്. കുന്നംകുളം ഭദ്രാസനത്തിലെ അക്കിക്കാവ് സെന്റ് മേരീസ് പള്ളിയിൽ നിന്നും.
2. കോട്ടയം ചെറിയപള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ഐക്കൺ. പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മാർ ഗബ്രിയേലിന്റെ ഛായാചിത്രമാണിതെന്ന് വിശ്വസിക്കപ്പെടുന്നു.

**Disclaimer:** മലങ്കരസഭാ ചരിത്രവുമായി ബന്ധപ്പെട്ട പ്രാഥമിക രേഖകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ഇവ സഭയുടെ നന്മയ്ക്കും യോജിപ്പിനും ഗവേഷണപഠനത്തിനും പ്രയോജനപ്പെടുവാൻ ആഗ്രഹിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. വിവിധ കാലങ്ങളിൽ ഇവ എഴുതിയവരുടെ അറിവും കാഴ്ചപ്പാടും നിലപാടുകളുമാണിതിൽ കാണുന്നത്. അവയോടെല്ലാം എഡിറ്റർക്കും പ്രസാധകനും യോജിപ്പുണ്ടാവണമെന്നില്ല.

# മലങ്കരസഭാ
# ചരിത്രരേഖകൾ

എഡിറ്റർ

**ജോയ്സ് തോട്ടയ്ക്കാട്**

പ്രസാധനം

**പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ**

**എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം**

## ജോയ്സ് തോട്ടയ്ക്കാട്

ഗവേഷകനും പത്രപ്രവർത്തകനും പ്രസാധകനും.

സോഫിയാ ബുക്സ്, ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, paulosmargregorios.in, malankaraorthodox.tv എന്നിവയുടെ സ്ഥാപകനും പ്രധാന ചുമതലക്കാരനും.

മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി*, ആദ്യത്തെ ലക്ഷണമൊത്ത യാത്രാവിവരണമായ *ഊർശ്ലേം യാത്രാവിവരണം,* നാലാമത്തെ യാത്രാവിവരണമായ *കൊളംബ് യാത്രാവിവരണം* എന്നിവ ഉൾപ്പെടെ അറുപതോളം ഗ്രന്ഥങ്ങളുടെ പ്രസാധകൻ.

പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പേഴ്സണൽ അസിസ്റ്റന്റ്, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ സ്ഥാപക സെക്രട്ടറി, മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശത്തിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ്, 'മലങ്കരസഭ' മാസികയുടെ പത്രാധിപ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

കൃതികൾ: ദാർശനികന്റെ വിചാരലോകം (എഡിറ്റർ), പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), കുട്ടികളുടെ തിരുമേനി (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), ആദിമസഭാ ജ്യോതിസ്സുകൾ (എഡിറ്റർ), സി. പി. ചാണ്ടി: മലങ്കരസഭയുടെ സ്വർഗീയ കിന്നരം (എഡിറ്റർ), കാതോലിക്കേറ്റിന്റെ നിധി (എഡിറ്റർ), കർമ്മശേഷിയുടെ കാതൽ (കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ ജീവചരിത്രം), തിരുസന്നിധിയിൽ (എഡിറ്റർ), പാമ്പാടിയിലെ മുനിശ്രേഷ്ഠൻ (എഡിറ്റർ), മലങ്കരസഭാ ചരിത്ര രേഖകൾ (എഡിറ്റർ).

ഭാര്യ: ശോഭ മേരി ജോയ്സ്. മകൾ: സോഫിയാ മേരി ജോയ്സ്

വിലാസം: 'സോഫിയാ', കണ്ടത്തിൽ ബിൽഡിംഗ്, തിരുനക്കര, കോട്ടയം-1

ഫോൺ: 99471 20697 E-mail: joicethottackad@yahoo.com

# പ്രസാധകകുറിപ്പ്

വിശുദ്ധ കർമ്മപൗരുഷം കൊണ്ട് മലങ്കരസഭയുടെ വീര്യത്തെ ഉണർത്തുകയും ജനപങ്കാളിത്തം കൊണ്ട് അസൂയാവഹമായ കർമ്മമേഖലകൾ വിജയപൂർവ്വം വെട്ടിത്തുറക്കുകയും ചെയ്ത മഹാനാണ് മലങ്കര സഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ. 2008-ൽ അദ്ദേഹത്തിന്റെ ദേഹവിയോഗ ശതാബ്ദി ആഘോഷിച്ചപ്പോൾ, നഷ്ടപ്പെട്ടുപോയ കർമ്മോന്മേഷവും ജനപങ്കാളിത്തവും സുതാര്യതയും വീണ്ടെടുത്ത് പുതിയ നൂറ്റാണ്ടിലേക്കാവശ്യമായ പുതിയ കുതിപ്പുകൾക്ക് നേതൃത്വം നൽകുന്ന ക്രിയാശേഷിയുള്ള ഒരു പ്രവർത്തനശൈലിയെപ്പറ്റി ചിന്തിക്കുവാൻ ചുമതലയുണ്ടെന്ന ബോധ്യത്തിലാണ് പുണ്യശ്ലോകരായ പുലിക്കോട്ടിൽ തിരുമേനിമാരുടെ സ്മരണയോടുള്ള ആദരവ് ശാശ്വതീകരിക്കുവാൻ എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് ഞങ്ങൾ വിഭാവനം ചെയ്തത്.

എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം അതിന്റെ ആദ്യ സംരംഭമായി പ്രസിദ്ധീകരിച്ചത് മലങ്കരസഭയുടെ ഒരു ക്ലാസ്സിക് ചരിത്രമാണ്; കണ്ടനാട് സ്വദേശി കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (കൊച്ചി മെത്രാസനത്തിന്റെ പ്രഥമ സാരഥി) എഴുതിവച്ച *കണ്ടനാട് ഗ്രന്ഥവരി* എന്ന ചരിത്രഗ്രന്ഥം. ആ മഹത് ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന് ഒരു നിമിത്തം ആകുവാൻ ദൈവകൃപയാൽ നമുക്കും ഇടയായതിൽ ദൈവനാമത്തെ മഹത്വപ്പെടുത്തുന്നു.

തുടർന്ന് മലങ്കരസഭാ ചരിത്ര സംബന്ധമായ ഒരു ഡസനിലധികം ഗ്രന്ഥങ്ങൾ എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ചു. ഭൂരിപക്ഷം ഗ്രന്ഥങ്ങളും സഭാചരിത്ര ഗവേഷണരംഗത്തെ കുലപതിയായ ഫാ. ഡോ. ജോസഫ് ചീരൻ രചിച്ചവയായിരുന്നു.

ആദ്യകാല സഭാചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും, നാളാഗമങ്ങളിൽ നിന്നും മലങ്കരസഭാചരിത്രവുമായി ബന്ധപ്പെട്ട ചരിത്രരേഖകൾ സമാഹരിച്ചിരിക്കുന്ന ഒരു സുപ്രധാന ഗ്രന്ഥമാണിത്. 1653-ലെ മട്ടാഞ്ചേരി പടിയോല, ആർത്താറ്റ് പടിയോല, കണ്ടനാട് പടിയോല തുടങ്ങിയ സുപ്രധാന രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഗ്രന്ഥം മുഖ്യമായും പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരസഭാ ചരിത്രമാണ് ഉൾക്കൊള്ളുന്നത്. ദൃക്സാക്ഷി എന്ന നിലയിൽ ചരിത്രബോധ്യങ്ങളുള്ള ചില വൈദിക-അൽമായ പ്രമുഖർ വിശദമായ ഡയറികുറിപ്പുകളായി രേഖപ്പെടുത്തിയതാണിത്. ഒരു മെത്രാപ്പോലീത്താ ചരിത്രമെഴുതുക - നമ്മുടെ സഭയിൽ അത് പുതുമയുള്ള സംഭവമാണ്. പ്രത്യേകിച്ചും സങ്കീർണ്ണ സ്വഭാവമുള്ള

പത്തൊമ്പതാം നൂറ്റാണ്ടിലെ ചരിത്ര സംഭവങ്ങളെ അതിൽ സാക്ഷിയും പങ്കാളിയുമായ ഒരാൾ രേഖപ്പെടുത്തി വച്ചതാണ് *കണ്ടനാട് ഗ്രന്ഥവരി* എന്ന പേരിൽ ഞങ്ങൾ മുമ്പ് പ്രസിദ്ധീകരിച്ചത്. മലങ്കരസഭയിൽ 1911-ലുണ്ടായ പിളർപ്പിന് ശേഷം 'ബാവാ കക്ഷി' ഭാഗത്ത് നിൽക്കുകയും അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നും മെത്രാൻ സ്ഥാനം ഏല്ക്കുകയും ചെയ്ത ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് 1876 മുതൽ 1914 വരെയുള്ള കാലത്തെ സഭാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ ഡയറിക്കുറിപ്പുകളായി എഴുതിയത് ഈ ഗ്രന്ഥത്തിലൂടെ ഞങ്ങൾ അവതരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പൂർവീകനായ ഫീലിപ്പോസ് കത്തനാർ, കത്തനാരുടെ പുത്രനായ ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ, മലങ്കരസഭാ അസോസിയേഷൻ സെക്രട്ടറിയും പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ വ്യവഹാര കാര്യസ്ഥനും സഭാചരിത്രകാരനും ഇടവക പത്രിക പത്രാധിപരുമായിരുന്ന ഇ. എം. ഫീലിപ്പോസ്, ഫീലിപ്പോസിന്റെ പുത്രൻ ഇ. പി. മാത്യു എന്നിവർ 1815-1930 കാലഘട്ടത്തിലെഴുതിയ സഭാചരിത്ര, സാമൂഹികചരിത്ര സംബന്ധമായ സംഭവങ്ങൾ സമഗ്രമായ പഠനത്തിനും അന്വേഷണത്തിനുമായി ഗ്രന്ഥരൂപത്തിൽ തയാറായതിൽ അനല്പമായ സന്തോഷത്തിന് വകയുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിൽ മലങ്കരസഭയുടെ നിലനിൽപ്പിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച ഏതാനും മഹാത്മാക്കളുടെ ഛായാചിത്രം ഈ പുസ്തകത്തെ അലങ്കരിക്കുന്നുണ്ട്. അവരുടെയെല്ലാം നിസ്വാർത്ഥ സേവനത്തിന്റെ ബലം കൊണ്ടാണ് സഭ ആപത്തുകളെ അതിജീവിച്ചത്. പത്തൊൻപതാം നൂറ്റാണ്ടിൽ മലങ്കരസഭയിൽ അരങ്ങേറിയ സംഭവബഹുലമായ രംഗങ്ങൾക്കും, വർണ്ണക്കാഴ്ചകൾക്കും, അന്തർനാടകങ്ങൾക്കും ദൃക്സാക്ഷി വിവരണം നൽകുന്ന ഈ രേഖകൾ അന്ധകാരത്തിൽ നിന്ന് ഇപ്പോഴെങ്കിലും ഉയിർത്തെഴുന്നേറ്റതിൽ മലങ്കരസഭാമക്കൾ സന്തുഷ്ടരാണ്. 1840-1930 കാലഘട്ടത്തിലെഴുതിയ ക്ലിഷ്ടമായ കൈയെഴുത്തുപ്രതിയുടെ ഡിജിറ്റൽ കോപ്പിയിൽ നിന്നും വർഷങ്ങളുടെ തപസ്യ കൊണ്ട് ഇവ പകർത്തിയെഴുതി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ പ്രയത്നിച്ച സഭാചരിത്ര ഗവേഷകനും മാധ്യമ പ്രവർത്തകനുമായ ശ്രീ. ജോയ്സ് തോട്ടയ്ക്കാടിനെ സഹൃദയലോകം അകമഴിഞ്ഞ് അഭിനന്ദിക്കുക തന്നെ ചെയ്യും.

1873-ലെ പരുമല അസോസ്യേഷൻ മുതലുള്ള മലങ്കരസഭാ ചരിത്രം പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ബോധപൂർവ്വമോ അല്ലാതെയോ കടന്ന് കൂടിയിട്ടുള്ള ഒട്ടനവധി ധാരണപ്പിശകുകൾ ഉണ്ട്. സംഭവങ്ങളെപ്പറ്റി ഒരു സമകാല സാക്ഷ്യമോ ദൃക്സാക്ഷി വിവരണമോ ലഭ്യമാകാതിരുന്നതിനാൽ സംഭവിച്ചവയാകാം അവ. ഭാവനാസമ്പന്നരായ എതിർ

ശക്തികളുടെ താല്പര്യങ്ങൾ ഏകപക്ഷീയമായി പ്രതിഫലിപ്പിക്കുന്ന വിഭാഗീയ ചരിത്രകൃതികളെ ഉപജീവിച്ചും അവലംബിച്ചും എഴുതിയപ്പോൾ സംഭവിച്ച പോരായ്മകളായിരിക്കാം അവയിൽ പലതും. അവയുടെ ഫലമായി മലങ്കരസഭയുടെ പ്രാണനും ജീവനുമായി വർത്തിച്ച ചില പിതാക്കന്മാരെ 'ആധുനിക സഭാചരിത്രകാരന്മാർ' ക്രൂശിച്ചിട്ടുമുണ്ട്. ഭാഗ്യവശാൽ *കണ്ടനാട് ഗ്രന്ഥവരി*യും ഈ ഗ്രന്ഥവും ആ കാലഘട്ടത്തിലേക്കാണ് സവിശേഷമായി വെളിച്ചം നൽകുന്നത്. മഹാനും ക്രാന്തദർശിയും മലങ്കരസഭയുടെ കെട്ടുപണിക്കാരനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന് സഭാചരിത്രകാരന്മാർ അണിയിച്ച് നൽകിയ കളങ്കങ്ങൾ കഴുകികളയുവാൻ ഈ സമകാലീന ചരിത്രരേഖകൾ സഹായിക്കും. കണ്ണടച്ച് ഇരുട്ട് സൃഷ്ടിക്കുന്നവരോട് ദൈവം ക്ഷമിക്കട്ടെ; അല്ല, ചരിത്രത്തെ സത്യസന്ധമായി അറിയാൻ ആഗ്രഹിക്കുന്നവർ ഇനിയും ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ സത്യത്തെ ധീരമായി അഭിമുഖീകരിക്കട്ടെ, മുൻവിധികളെ തിരുത്തിക്കുറിക്കട്ടെ. ഇനിയെങ്കിലും നീതിപൂർവകമായ വിധിവാചകങ്ങൾ എഴുതുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ഏതെല്ലാം നിലയിലാണ് ഈ ഗ്രന്ഥം മൂല്യവത്താകുന്നത് എന്ന് പരിശോധിച്ചുകൊണ്ട് എന്റെ സതീർത്ഥ്യനായ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എഴുതിയ അവതാരിക ശ്രദ്ധേയമാവുന്നു. അദ്ദേഹത്തിന്റെ തൂലിക നടത്തിയ നിരീക്ഷണങ്ങളെ കൃതജ്ഞതാപൂർവ്വം വീക്ഷിക്കുന്നു.

മലങ്കരസഭയെ സ്നേഹിച്ച് അതിന്റെ ശോഭ വർദ്ധിപ്പിക്കുവാനായി ത്യാഗപൂർവ്വം പ്രവർത്തിച്ച എല്ലാ പിതാക്കന്മാരുടെയും പാവനസ്മരണ നിലനിർത്തുവാൻ എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് പ്രതിജ്ഞാബദ്ധമാണ്. ഈ ചരിത്രഗ്രന്ഥം കൂടുതൽ പഠനത്തിനും മനനത്തിനുമായി സഹൃദയ സമക്ഷം അവതരിപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

ദേവലോകം
ഫെബ്രുവരി 11, 2019

# പ്രകാശം പരത്തുന്ന സഭാചരിത്ര രേഖകൾ

## ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ചരിത്രം ഒരിക്കലും നിശ്ചലമല്ല. ചരിത്രത്തിൽ കാലാനുസൃതമായ പരിവർത്തനങ്ങളും പുത്തൻ കണ്ടെത്തലുകളും ഉണ്ടാകണം. അപ്രകാശിതവും തമസ്കരിക്കപ്പെട്ടതുമായ ചരിത്രവസ്തുക്കൾ കണ്ടെത്തി വിമർശനാത്മകവും ശാസ്ത്രീയവുമായി വിശകലനം ചെയ്ത് പുത്തൻ വിവര വിജ്ഞാന വിഭവങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുമ്പോഴാണ് ചരിത്രം ഒരു പ്രക്രിയയായി തീരുന്നത്.

ചരിത്രഗവേഷകർ വിവരണങ്ങളുടെ സമാഹരണം, തെരഞ്ഞെടുപ്പ്, വ്യാഖ്യാനം, അപഗ്രഥനം, വിശദീകരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുമ്പോൾ പുരോഗമനാത്മകവും നവോത്ഥാനാത്മകവും വിമോചനാത്മകവുമായ ചരിത്രവിശകലനങ്ങൾ ലഭ്യമാകും. ഇത് യുക്ത്യാധിഷ്ഠിതവും ശാസ്ത്രീയവുമായി ചരിത്രവസ്തുതകളെ വ്യാഖ്യാനിക്കുന്ന പഠനങ്ങളായി തീരും. ഇതിൽ ഭൂതവും വർത്തമാനവും തമ്മിലും ചരിത്രകാരനും ചരിത്രവസ്തുതകൾ തമ്മിലും അനന്തമായ സംവാദങ്ങളുണ്ടായി വിജ്ഞാനത്തിന്റെ പുത്തൻ മേച്ചിൽപ്പുറങ്ങൾ തുറന്നിടും. ചരിത്രത്തെ ഉൾക്കൊണ്ട് വർത്തമാന യാഥാർത്ഥ്യങ്ങളുമായി ചേർത്തുപിടിച്ച് ഭാവി ലോകത്തിന് ആവശ്യമുള്ള ഗുണപരമായ നിർദ്ദേശങ്ങൾ നൽകുമ്പോൾ ചരിത്രവ്യാഖ്യാനം ദിശാബോധം പകരുവാൻ കരുത്തുറ്റതായി തീരും. മുൻവിധിയോ വ്യക്തിപരമായ പക്ഷപാതമോ ഇല്ലാതെ വസ്തുതകളുടെ ശാസ്ത്രീയമായ അവതരണമാണ് വസ്തുനിഷ്ഠമായ ചരിത്രത്തെ പ്രകാശമയമാക്കുന്നത്.

മലങ്കരസഭാ ചരിത്രപഠനത്തിൽ തദ്ദേശീയമായ വിഭവങ്ങൾ കണ്ടെത്തുവാനും വ്യാഖ്യാനിക്കാനുമുള്ള തീവ്രശ്രമങ്ങൾ പരിമിതമാണ്. ലഭ്യമായ വിവരണങ്ങളും വസ്തുതകളും വിവിധ കാഴ്ചപ്പാടുകളിൽ അവതരിപ്പിക്കുന്ന ശീലമാണ് പിന്തുടരുന്നത്. എന്നാൽ സഭാചരിത്ര വിശകലനങ്ങൾ പുത്തൻ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്ന ചരിത്രമാർഗ്ഗവും (Historical method), ചരിത്ര രീതിശാസ്ത്രവും (Historical methodology) ശക്തിപ്പെട്ടിട്ട് കാലം ഏറെയായി. ഇതിൽ അനുമാനം, അപഗ്രഥനം, സമന്വയം, വ്യാഖ്യാനം എന്നിവ ഉൾക്കൊള്ളുന്നു. ചരിത്രവസ്തുതകളെ വിമർശനാത്മകമായി നിരീക്ഷിക്കുന്നതിനും വിവിധ വിമോചനാത്മക കാഴ്ചപ്പാടുകളിൽ വിശകലനം ചെയ്യുന്നതിനും ഇവ സഹായിക്കുന്നു.

ചരിത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുമാനങ്ങൾ സൃഷ്ടിച്ച് ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി ചരിത്രവിശകലനം നിർവ്വഹിക്കുന്ന രീതിശാസ്ത്രം മലങ്കരസഭാ ചരിത്രത്തിൽ ശക്തിപ്പെടണം. എന്നാൽ ചരിത്രരേഖകളുടെയും വസ്തുതകളുടെയും യഥാർത്ഥ ഉറവിടം കണ്ടെത്തിയെങ്കിൽ മാത്രമെ പുത്തൻ ജ്ഞാനസിദ്ധാന്തങ്ങൾ അവതരിപ്പിക്കുവാൻ കഴിയൂ. ഇത്തരം സാഹചര്യത്തിലാണ് കുന്നംകുളം കേന്ദ്രമാക്കി 2008 മുതൽ അഭിവന്ദ്യ പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാര്യദർശിത്വത്തിൽ പ്രവർത്തനം ആരംഭിച്ച എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് മലങ്കരസഭാ ചരിത്രത്തിലെ തദ്ദേശീയമായ പ്രൗഢരേഖകളുടെ പ്രകാശനത്തിന് നേതൃത്വം ആരംഭിച്ചത്. ഈ രംഗത്തെ ഏറ്റവും മികവുറ്റ സംരംഭമാണ് നാല് നൂറ്റാണ്ടിന്റെ ചരിത്രം ഉൾക്കൊള്ളുന്ന *മലങ്കര സഭാചരിത്രരേഖകൾ* എന്ന പ്രാമാണിക ഗ്രന്ഥം.

മലങ്കരസഭാ ചരിത്രത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ അമൂല്യരേഖകളുടെ സമാഹാരമാണ് പ്രശസ്ത ഗവേഷകനും മാധ്യമ പ്രവർത്തകനുമായ ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ച *മലങ്കരസഭാ ചരിത്രരേഖകൾ.* കേരളത്തിലെ വിവിധ ഗ്രന്ഥപ്പുരകളിലും ഡയറിക്കുറിപ്പുകളിലുമായി തമസ്കരിക്കപ്പെട്ടിരുന്ന വിവിധ തരത്തിലുള്ള ചരിത്രരേഖകളാണിതിൽ പ്രകാശം പരത്തുന്നത്. വിവിധങ്ങളായ പുരാതന കല്പനകൾ, കത്തുകൾ, പടിയോലകൾ, വിളംബരങ്ങൾ, കാനോനാകൾ, സ്ഥാത്തിക്കോനുകൾ, മംഗളപത്രങ്ങൾ, അന്ത്യകല്പനകൾ, പൊതുകല്പനകൾ, പത്രറിപ്പോർട്ടുകൾ, മുഖപ്രസംഗങ്ങൾ, ഡയറിക്കുറിപ്പുകൾ തുടങ്ങി മലങ്കരസഭാ ചരിത്ര പഠനത്തിന് പുത്തൻ വെളിച്ചം പകരുന്ന അപൂർവ്വമായ നിരവധി വിഭവങ്ങളാണ് 650-ൽപ്പരം പേജുകളിലായി അവതരിപ്പിക്കുന്നത്. മലങ്കരസഭാ ചരിത്ര പഠിതാക്കൾക്കും ഗവേഷകർക്കും ഇതിലെ ഉറവിട വിഭവങ്ങൾ അക്ഷയ ഖനിയാണ്.

'മലങ്കരസഭാ ചരിത്രരേഖകൾ' ആത്യന്തികമായി ഏതാനും ചരിത്രരേഖകളുടെ ഉറവിടം കണ്ടെത്തി അവതരിപ്പിക്കുകയാണ്. അമൂല്യമായ പല ചരിത്രരേഖകളും ഗ്രന്ഥരക്ഷാലയത്തിലോ ഗ്രന്ഥപ്പുരയിലോ മ്യൂസിയത്തിലോ ആയിരിക്കും സൂക്ഷിക്കുക. സ്വകാര്യ വ്യക്തികളുടെ ഗ്രന്ഥപ്പുരയിലും ചിലത് പരിരക്ഷിക്കും. എന്നാൽ ഇവ പഠന-വിശകലനങ്ങൾക്കായി ഗവേഷകർക്ക് ലഭ്യമാകുന്നില്ല. ഇത്തരം സാഹചര്യത്തിൽ പൊതുവിന് പ്രയോജനപ്പെടുന്ന രീതിയിൽ ഇവ പ്രദർശിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യണം. എങ്കിൽ മാത്രമേ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും സഭാചരിത്രത്തിന്റെ പുനർവായനയ്ക്ക് അവസരം സൃഷ്ടിക്കുകയുള്ളൂ.

പുരാതന കൈയെഴുത്തു രേഖകളും പുസ്തകങ്ങളും ലഭ്യമാകുന്ന ഗ്രന്ഥശേഖരവും അവയിലെ സൂചികാവിവരണവും ഗവേഷകർക്ക് പ്രാപ്യമാക്കണം. മലങ്കരസഭാ ചരിത്രത്തിലെ അപൂർവ്വ രേഖകളും അപൂർവ്വ രചനകളും സമാഹരിച്ച് ഗവേഷകർക്ക് പ്രാപ്യമാക്കുന്ന പൊതു ഗ്രന്ഥപ്പുരകളും ചരിത്രഗവേഷണകേന്ദ്രങ്ങളും ഗവേഷണ സംഘങ്ങളും മലങ്കരസഭയിൽ അനിവാര്യമാണ്. അതിനുള്ള പ്രാരംഭ നടപടിയായി 'മലങ്കരസഭാ ചരിത്രരേഖകളുടെ' അവതരണത്തെ പൊതുസമൂഹം സ്വീകരിക്കും എന്നതിൽ തർക്കമില്ല. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ വിശാല കാഴ്ചപ്പാടും, നിശ്ചയ ദാർഢ്യവും ഇത്തരം സംരംഭങ്ങൾക്ക് നേതൃത്വവും ചാലകത്വവും പകരും.

## II

ചരിത്രം മനുഷ്യബന്ധങ്ങളുടെ ശാസ്ത്രീയവും യുക്ത്യാധിഷ്ഠിത വുമായ വിവരണമാണ്. മനുഷ്യന്റെ ഉത്ഭവം മുതൽ തന്നെ ചരിത്രത്തിന് ആരംഭമിട്ടു. ഗ്രീക്കിലെ *ഇസ്റ്റോറിയ* എന്ന വാക്കിൽ നിന്നുള്ള ഹിസ്റ്ററി എന്ന പദത്തിന് പഠനം, അറിവിന്റെ സമാഹാരം, അന്വേഷണത്തിൽ നിന്നുള്ള കണ്ടെത്തലുകൾ എന്നർത്ഥം. അതിനാൽ ചരിത്രം വസ്തുത കളുടെ അവതരണം മാത്രമല്ല അതിൽ അന്വേഷണം, ഗവേഷണം, പര്യ വേഷണം, നിരീക്ഷണം, അറിവ് എന്നിവ എല്ലാം ഉൾച്ചേരുന്നു. പുത്തൻ അറിവുകൾക്കുള്ള വിഭവങ്ങൾ എല്ലായ്പ്പോഴും ശാസ്ത്രീയവും യുക്ത്യാ ധിഷ്ഠിതവുമായി ചരിത്രരചനകളിൽ പ്രതിഫലിക്കും.

ചരിത്രരചനകൾക്ക് നവീനമായ മാർഗ്ഗം പകർന്നത് നവോത്ഥാന ദർശ നങ്ങളുടെ വിവിധങ്ങളായ സ്വാധീനങ്ങളാണ്. തദ്ദേശീയമായ ചരിത്രവിഭ വങ്ങളുടെ കണ്ടെത്തലും വിമർശനാത്മകമായ അപഗ്രഥനങ്ങളും വിവിധ കാഴ്ചപ്പാടുകളിലുള്ള പുനർവായനകളും ചരിത്രപഠനത്തെ പുത്തൻ ചിന്താധാരയിലേക്കുയർത്തി. മനുഷ്യബന്ധങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ കാഴ്ചപ്പാടുകളിൽ ചരിത്രത്തെ വിമർശനാത്മകമായി വായിക്കുവാൻ നവോത്ഥാന ദർശനങ്ങൾ കരുത്തു പകർന്നു.

ചരിത്രത്തിൽ ഉൾച്ചേരുന്ന ഭാഷയും സാഹിത്യവും സംസ്കാരവും ജീവിതവും മനുഷ്യസ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും ചരി ത്രാധിഷ്ഠിത വർണ്ണനകളാക്കി തീർക്കുന്നതിനാൽ സമൂഹത്തിന്റെയും സഭയുടെയും സമസ്ത ജീവിതവും ദർശനവും ചരിത്രത്തിൽ പ്രതി സ്പന്ദിക്കുന്നു. ചരിത്രം ശാസ്ത്രീയവും യുക്തിപരവുമാകുമ്പോൾ സ്ഥല കാലങ്ങളിൽ കേന്ദ്രീകൃതമാകും. അപ്പോൾ സാംസ്കാരികവും ഭാഷാ

പരവുമായ നിലപാടുകൾ, സാമൂഹിക സംഭവങ്ങൾ, വിവിധ മത-സാംസ്കാരിക സ്ഥാപനങ്ങൾ, വ്യക്തികൾ, ഭരണക്രമങ്ങൾ എന്നിവ സ്ഥല-കാലാധിഷ്ഠിതമായി ചരിത്രത്തിൽ ഇടം നേടും. നിരവധി അന്വേഷണങ്ങളിലൂടെയും അപഗ്രഥനങ്ങളിലൂടെയും അവതരിപ്പിക്കുന്ന ചരിത്രത്തിൽ, അനവധി പ്രാമാണിക രേഖകളുടെ ഉൾച്ചേരലുകളും സംക്രമണങ്ങളും പ്രകടമാകും.

സഭാചരിത്ര രീതിശാസ്ത്രത്തിൽ നിരവധി പുതിയ പ്രവണതകൾക്ക് പ്രാരംഭമിട്ടിട്ട് കാലം ഏറെയായി. ആദ്യകാല സഭാചരിത്രങ്ങൾ അധികവും ബ്രിട്ടീഷ് കാഴ്ചപ്പാടിലും ബ്രാഹ്മണിക്കൽ രീതിശാസ്ത്രത്തിലും അവതരിപ്പിച്ചിട്ടുള്ളവയാണ്. എന്നാൽ അവയുടെ രചനാതന്ത്രങ്ങൾ ഇപ്പോൾ ചോദ്യം ചെയ്യപ്പെട്ടു. ഭരണാധികാരികളുടെ രാഷ്ട്രീയവും അധീശത്വപരവും ഭരണപരവുമായ ചരിത്രത്തെക്കാൾ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക തലങ്ങൾ സഭാചരിത്രത്തിൽ സ്ഥാനം നേടി. സാമൂഹിക ചരിത്ര സിദ്ധാന്തങ്ങളിലെ ഗവേഷണരീതികളും സ്ഥിതിവിവരണങ്ങളും അപഗ്രഥന സമ്പ്രദായങ്ങളും സഭാചരിത്രത്തിലും സ്വീകരിച്ചു. സഭാചരിത്രത്തിലെ ബ്രാഹ്മണവിരുദ്ധ നിലപാടുകളും (De-Brahmanisation) ദലിത്-സ്ത്രീപക്ഷ ചരിത്രാന്വേഷണങ്ങളും അധിനിവേശ വിരുദ്ധ കാഴ്ചപ്പാടുകളും പുതിയ ദർശനം പകർന്നു. ചരിത്രവായനകൾക്ക് ദേശീയ കാഴ്ചപ്പാടുകളും മാർക്സിസ്റ്റ് കീഴാള ദർശനങ്ങളും പകർന്നത് നവീനമായ വ്യാഖ്യാനാനുഭവമാണ്.

സഭാചരിത്ര രചനകളിൽ വസ്തുതകളുടെ വിശകലനത്തിനും കണ്ടെത്തലുകൾക്കുമായി സെക്കുലർ രേഖകളും വിഭവങ്ങളും ഉൾക്കൊള്ളിക്കുവാനുള്ള വിശാല കാഴ്ചപ്പാടും ഇന്ത്യൻ കാഴ്ചപ്പാടിൽ സഭാചരിത്രത്തെ അപഗ്രഥിക്കുവാനുള്ള നിരീക്ഷണ ശൈലികളും വളർന്നു. ഇതിന്റെ ഫലമായി സഭാചരിത്ര രചനകളിൽ ദേശീയത, സ്ത്രീപങ്കാളിത്തം - നേതൃത്വം, സാമൂഹിക പരിവർത്തനം, വിമോചന നവോത്ഥാന ദർശനങ്ങൾ, ദലിത് വിമോചന പോരാട്ടങ്ങൾ, അധിനിവേശ വിരുദ്ധ സമീപനങ്ങൾ, പ്രസ്ഥാനങ്ങൾ, കീഴാള ദർശനങ്ങൾ, ഭാഷാ ശൈലികൾ, സാംസ്കാരിക കലകൾ തുടങ്ങിയവ സഭാചരിത്ര പഠനത്തിലും സ്ഥാനം നേടി. സെക്കുലർ അക്കാദമിക്ക് കാഴ്ചപ്പാടിൽ വിഷയ വിശകലനങ്ങൾ അവതരിപ്പിക്കുവാനുള്ള ശ്രമങ്ങളും ആരംഭിച്ചു. എന്നാൽ ഇത്തരം കാഴ്ചപ്പാടുകൾക്ക് വേണ്ടത്ര അംഗീകാരവും പ്രോത്സാഹനവും മലങ്കരസഭാ ചരിത്രപഠനത്തിൽ ഉണ്ടായില്ല എന്നത് അത്യന്തം ഖേദകരമാണ്.

ചരിത്രപഠനത്തിൽ വികസിച്ച പുതിയ മേഖലകളാണ് കാലാനുക്രമണികാപഠനം, പുരാതന ലിപിവിജ്ഞാനം, മുദ്രണപഠനം, കയ്യക്ഷര

വിശകലനം, പുരാവസ്തു പഠനം, വംശാവലി പഠനം, ഡയറിക്കുറിപ്പുകളുടെ അപഗ്രഥനം എന്നിവ. ഇവയും മലങ്കരസഭാ ചരിത്രത്തിൽ പുതിയ വൈജ്ഞാനിക മേഖല തുറക്കുവാൻ അവസരം സൃഷ്ടിച്ചിട്ടില്ല. വിളംബരങ്ങൾ, സ്മാരകങ്ങൾ, നാണയങ്ങൾ, അവശിഷ്ടങ്ങൾ, ലിഖിതങ്ങൾ, ചെപ്പേടുകൾ, ചുമർചിത്രങ്ങൾ, കത്തുകൾ, കൽപനകൾ, അവകാശങ്ങൾ, ഉടമ്പടികൾ, ഡയറിക്കുറിപ്പുകൾ എന്നിവയും ചരിത്രപഠനത്തെ സഹായിക്കും. സഭാചരിത്രപഠനത്തിന് ഇത്തരം മേഖലകളിലുള്ള ഗവേഷണവും അനിവാര്യമാണ്. ചുരുക്കത്തിൽ മലങ്കരസഭാ ചരിത്ര ഗവേഷണ മേഖലകളിൽ പുത്തൻ വൈജ്ഞാനിക സിദ്ധാന്തങ്ങളുടെ സ്വാംശീകരണവും വിശകലനവും അവതരണവും അനിവാര്യമാകുന്നു.

പരമ്പരാഗത ചരിത്രരീതിശാസ്ത്രങ്ങളെ പൊളിച്ചെഴുതുന്ന ഉത്തരാധുനിക ചരിത്രപഠനവും ചരിത്രത്തിന്റെ തുടർച്ചയെ തിരസ്കരിക്കുന്ന മീഷൽ ഫൂക്കോയുടെ ദർശനങ്ങളും ചരിത്രപഠനത്തിലെ പുതിയ സമീപനങ്ങളാണ്. ജ്ഞാനം, അധികാരം, പുരാവസ്തു ഗവേഷണം, വംശാവലി എന്നിവ എല്ലാം താൽക്കാലികതയാണെന്നും സ്ഥിരമായ ആഖ്യാനങ്ങളെ തിരസ്കരിക്കണമെന്നുമുള്ള മീഷൽ ഫൂക്കോയുടെ ജ്ഞാനസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലുള്ള ചരിത്രപുനർവായനകളും സാമൂഹിക ചരിത്രത്തിൽ അതുല്യസ്ഥാനം നേടി. സഭാചരിത്രം അടിസ്ഥാനപരമായി സാമൂഹിക വിശകലനങ്ങളിലും സാമൂഹിക ശാസ്ത്രത്തിലും അധിഷ്ഠിതമായ വിജ്ഞാനശാഖയായി വളർന്നു വികസിക്കുകയാണ്. അതിനാൽ മലങ്കരസഭാ ചരിത്രത്തിലും കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞുള്ള പഠനഗവേഷണങ്ങൾക്ക് വെളിച്ചം പകരണം.

## III

*മലങ്കരസഭാ ചരിത്രരേഖകളുടെ* പ്രധാന ഉള്ളടക്കം 1653 മുതൽ 2018 വരെയുള്ള സുപ്രധാനമായ ചരിത്രരേഖകളാണ്. മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകവും സ്വത്വദർശനവും വിളംബരം ചെയ്യുന്ന നിരവധി പ്രാമാണിക രേഖകൾ ഇതിൽ ഉൾക്കൊള്ളുന്നു. ചരിത്രത്തിൽ വിസ്മൃതമായ വിവിധ ഗ്രന്ഥവരികളും നാളാഗമങ്ങളും ഡയറിക്കുറിപ്പുകളിലെ ദൃക്സാക്ഷി ചരിത്രപഠനത്തിന് പുതിയ കാഴ്ചപ്പാടുകൾ പകരും. നാലു നൂറ്റാണ്ടിലെ പ്രധാനപ്പെട്ട ഏതാനും ചരിത്രരേഖകളുടെ സമാഹാരമാണെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരസഭാ ചരിത്രം അധികമായി ഇതിൽ പ്രതിഫലിക്കുന്നു. സഭാചരിത്രത്തിന്റെ തായ്‌വഴികൾ കണ്ടെത്തുവാനും വിട്ടുപോയ ചരിത്രകാലങ്ങളും സംഭവങ്ങളും പൂരിപ്പിക്കുവാനും ഇവ ഉപകരിക്കും. ഇതിൽ ഉൾക്കൊള്ളുന്ന ദൃക്സാക്ഷി

വിവരണങ്ങൾ, കൈയെഴുത്തുപ്രതികൾ, അപ്രകാശിത രേഖകൾ, ചോദ്യോത്തരങ്ങൾ എന്നിവയ്ക്ക് അക്ഷരവെളിച്ചം ലഭ്യമാകുന്നതിനാൽ ചരിത്രഗവേഷകർക്ക് സഹായകരമാകും.

*മലങ്കരസഭാ ചരിത്രരേഖകളിലെ* പ്രധാന ഉള്ളടക്കം പത്ത് വിഭാഗങ്ങളിലായി വിഭജിക്കുവാൻ കഴിയും.

1. പടിയോലകളുടെ ഉള്ളടക്കവും വിവരണവും. മട്ടാഞ്ചേരി (1653), ആർത്താറ്റ് (1806), കണ്ടനാട് (1809), മാവേലിക്കര (1836), കല്ലുങ്കത്ര (1843), പരുമല (1873) തുടങ്ങി നിരവധി പടിയോലകളെക്കുറിച്ച് സവിസ്തരമായി പ്രതിപാദിക്കുന്നു.

2. പുരാതനമായ ഡയറിക്കുറിപ്പുകളും കല്പനകളും കത്തുകളും സമാഹരിച്ചിരിക്കുന്നു. ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് 1876 മുതൽ 1914 വരെ എഴുതിയ സഭാചരിത്ര ഡയറിക്കുറിപ്പുകളും ഇടവഴിക്കൽ കുടുംബാംഗങ്ങൾ വിവിധ കാലത്ത് ഡയറിയിൽ എഴുതിയ, 1815-1930 വരെയുള്ള സഭാചരിത്ര സംബന്ധമായ വിവരണങ്ങളും ഉൾക്കൊള്ളുന്നു.

3. മലങ്കരസഭാ സന്ദർശനത്തെപ്പറ്റി ഫ്രാൻസിസ് ബുക്കാനൻ (1762-1829), ക്ലോഡിയൻ ബുക്കാനൻ (1766-1815) എന്നിവരുടെ വിവരണങ്ങളും തൊഴിയൂർ, ആംഗ്ലിക്കൻ, മാർത്തോമ്മാ സഭകളുടെ പ്രാരംഭ ചരിത്രവും വിശദീകരിക്കുന്നു.

4. പാത്രിയർക്കീസ്-കാതോലിക്കാ ബാവാമാരുടെയും മെത്രാപ്പോലീത്തന്മാരുടെയും സ്ഥാത്തിക്കോൻ, സ്ഥാനാരോഹണ വിവരണങ്ങൾ, പൊതുകല്പനകൾ, അന്ത്യകല്പന, കബറടക്ക വിവരണങ്ങൾ, പത്രറിപ്പോർട്ടുകൾ തുടങ്ങിയ അമൂല്യരേഖകൾ അവതരിപ്പിക്കുന്നു. പല കല്പനകളും സുറിയാനിയിൽ നിന്നും ഭാഷാന്തരം ചെയ്തിട്ടുള്ളവയാണ്.

5. പരുമല (1873), മുളന്തുരുത്തി (1876) സുന്നഹദോസുകളുടെ കാനോനാകളും വിവരണങ്ങളും മുളന്തുരുത്തി സുന്നഹദോസിൽ പങ്കെടുത്ത് ഹാജർ വെച്ച പള്ളികളുടെയും പ്രതിനിധികളുടെയും സമ്പൂർണ്ണ ലിസ്റ്റും 1876-ലെ ഭദ്രാസന വിഭജനവും പള്ളികളുടെ ലിസ്റ്റും ചേർത്തിട്ടുണ്ട്.

6. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനവും (1912) അനുബന്ധ സംഭവങ്ങളുടെ സുദീർഘമായ വിവരണവും.

7. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ദീർഘമായ കത്തുകൾ, കല്പനകൾ, സംഭാഷണങ്ങൾ എന്നിവയും സഭാ ഭരണഘടനയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും.

8. 1958-ലെ സഭായോജിപ്പിന്റെ കൽപനകൾ.

9. മലങ്കര അസോസിയേഷന്റെ 1653 മുതൽ 2017 വരെയുള്ള ദീർഘ വിവരണങ്ങളും നിശ്ചയങ്ങളുടെ സംക്ഷിപ്തവും.

10. മലങ്കരയിലെ ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ (1912-1914) മുതൽ ഇപ്പോഴത്തെ കാതോലിക്കാ പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ വരെയുള്ള പിതാക്കന്മാരുടെ സ്ഥാനാരോഹണ വിവരണങ്ങളും, പ്രധാനപ്പെട്ട കല്പനകളും.

മട്ടാഞ്ചേരിയിൽ മലങ്കര നസ്രാണികൾ കൂനൻകുരിശിന്മേൽ ഒരു കയർ കെട്ടി അതിൽ പിടിച്ച് 1653 മകരം 3-ന് സത്യം ചെയ്യുകയും ഒരു പടിയോല എഴുതി ഒപ്പിടുകയും ചെയ്തതിന്റെ പകർപ്പ് ഇതിൽ ചേർത്തിരിക്കുന്നത് ശ്രദ്ധേയമാണ്.

'ഇപ്പോൾ മലങ്കര വാഴുന്ന മാർ ഫ്രേഞ്ചിയൂസ് മെത്രാൻ നമുക്ക് മെത്രാനല്ല, നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല എന്ന് ഒന്മ. ശുദ്ധമാന പള്ളികളുടെ ക്രമത്തിൻതക്കവണ്ണം നമ്മുടെ ഇടവക വാഴുവാൻ മേൽപട്ടക്കാരൻ വേണ്ടുന്നതിന് ഇപ്പോൾ തൊട്ട് തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന് ഒന്മ.'

വൈദേശിക ആധിപത്യത്തിന് എതിരെ മലങ്കര നസ്രാണികൾ നടത്തിയ പ്രതിരോധനത്തിന്റെയും സ്വത്വനിർണ്ണയത്തിന്റെയും മാർത്തോമ്മൻ പൈതൃകത്തിന്റെയും പ്രതിധ്വനിയും പോരാട്ടവുമാണ് ഈ പ്രതിജ്ഞയിലും പടിയോലയിലും വിളംബരം ചെയ്യുന്നത്. പടിയോല എന്നാൽ 'തീർപ്പ് കല്പിച്ച് എഴുതിവെച്ച രേഖ' അഥവാ ഓലയാണ്. ചട്ടം നിശ്ചയിച്ചെഴുതിവെച്ച രേഖ എന്നും യോഗനിശ്ചയങ്ങൾ എന്നും സുന്നഹദോസ് തീരുമാനങ്ങൾ എന്നും 'പടിയോലയെ' വ്യാഖ്യാനിക്കാം.

മലങ്കര മെത്രാപ്പോലീത്താ വലിയ മാർ ദീവന്നാസ്യോസിന്റെ (1765 -1808) മുമ്പാകെ 1806 ഫെബ്രുവരിയിൽ കുന്നംകുളം ആർത്താറ്റ് വലിയ പള്ളി നടയിൽ വെച്ച് എഴുതിയ ആർത്താറ്റ് പടിയോല മലങ്കരസഭയുടെ സ്വാതന്ത്ര്യവും തനിമയും പ്രഖ്യാപിക്കുന്നതാണ്:

'റോമായിൽ നിന്നോ ബാബേലിൽ നിന്നോ അന്ത്യോഖ്യായിൽ നിന്നോ മറ്റു വല്ല പരദേശത്തു നിന്നോ വരുന്ന യാതൊരു മെത്രാന്മാരുടെയും ഉപദേശവും നടപ്പുകളും ഒരുനാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാ ശ്ലീഹായുടെ പൂർവ്വിക വിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുകയും ...'

എല്ലാവിധമായ അധിനിവേശങ്ങളേയും ചെറുക്കുന്ന മലങ്കര നസ്രാണികളുടെ ഉജ്വലമായ അധിനിവേശ വിരുദ്ധപ്രഖ്യാപന

വിളംബരമാണ് ആർത്താറ്റ് പടിയോല. ഇങ്ങനെ എത്രയോ അപൂർവ്വവും അതുല്യവുമായ ചരിത്രരേഖകളുടെ സമാഹാരമാണ് ഏക വാല്യത്തിൽ ഇതിലൂടെ അവതരിപ്പിക്കുന്നത്. ഇത് വിശദമായ പഠനത്തിനും അപഗ്രഥനത്തിനും ചരിത്രവിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്ന പ്രാമാണിക രേഖകളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിപുലമായ ഗവേഷണവും വിശകലനവും ഉണ്ടായി മലങ്കരസഭാ ചരിത്രത്തിന് പുതിയ കാഴ്ചപ്പാടുകൾ രചിക്കുവാൻ ഭാവി ഗവേഷകർക്ക് സാധ്യമാകണം.

*മലങ്കരസഭാ ചരിത്രരേഖകളിൽ* അവതരിപ്പിക്കുന്ന കൈയെഴുത്തു രേഖകൾ, ഡിജിറ്റൽ കോപ്പിയുടെ പ്രിന്റിൽ നിന്നാണ് ജോയ്സ് തോട്ടയ്ക്കാട് പകർത്തി എഴുതി പൊതുസമക്ഷം അവതരിപ്പിക്കുന്നത്. നിരന്തരമായ അദ്ധ്വാനവും തീവ്രമായ ഗവേഷണപൗരുഷവും ചരിത്ര ഗവേഷണത്തോടുള്ള പ്രതിബദ്ധതയുമാണ് ഇത്തരം ചരിത്രരേഖകൾക്ക് വെളിച്ചം പകരുവാൻ കരുത്ത് കാട്ടിയത്. ഇത് വായനാസമക്ഷം അവതരിപ്പിക്കുവാൻ ധീരമായ സന്മനസ് പ്രകടിപ്പിച്ച എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസിന്റെ മുഖ്യകാര്യദർശി അഭിവന്ദ്യ പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായോടുള്ള ആദരവും ആഴമേറിയതാണ്. ചരിത്രത്തെ ഹൃദയത്തോട് ചേർത്ത് പിടിക്കുന്ന എല്ലാ ഗവേഷകരുടെയും മുമ്പിൽ ആദരവ് സമർപ്പിച്ച് പ്രൗഢമായ *മലങ്കരസഭാ ചരിത്രരേഖകൾ* വിനയപുരസ്സരം സഹൃദയസമക്ഷം കൂടുതൽ വിചിന്തനത്തിനും പുനർവായനയ്ക്കായും സമർപ്പിക്കുന്നു.

ബോധി, പന്തളം
16 ഫെബ്രുവരി, 2019

# ആമുഖം

മലങ്കരസഭാചരിത്ര ഗവേഷണ രംഗത്ത് ഇപ്പോൾ വിരലിലെണ്ണാവുന്ന ആളുകൾ മാത്രമേ സജീവമായുള്ളു. ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ഭൂരിപക്ഷവും ഒറ്റയാന്മാർ ആണ്. ചരിത്രരേഖകളുടെ പങ്കുവയ്ക്കലിനെക്കുറിച്ചും അവ നഷ്ടപ്പെടാതെ ഭാവിഗവേഷകർക്ക് ലഭ്യമാക്കുന്നതിനെക്കുറിച്ചും പലർക്കും വേണ്ടത്ര ഉത്സാഹമില്ല. ലഭ്യമാകുന്ന രേഖകൾ പൊതുസമൂഹത്തിനും ഭാവി ഗവേഷകർക്കുമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവർ ചുരുക്കമാണ്.

സഭാചരിത്ര സംബന്ധമായ പ്രാഥമികരേഖകൾ ഭാവി ഗവേഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യവുമായി ഈ ഗ്രന്ഥം അനുവാചകരിലേക്കെത്തിക്കുകയാണ്. മലങ്കരസഭാ ചരിത്രവുമായി ബന്ധപ്പെട്ട പ്രധാന ചരിത്രരേഖകളും സംഭവങ്ങളും ഇതിൽ സമാഹരിച്ചിരിക്കുന്നു. ആദ്യകാല സഭാചരിത്ര ഗ്രന്ഥങ്ങളായ പുകടിയിൽ ഇട്ടൂപ്പ് റൈട്ടറുടെ *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം*, ഇ. എം. പീലിപ്പോസിന്റെ *മാർ ത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ*, ശെമവൂൻ മാർ ദീവന്നാസ്യോസ് രചിച്ച നാളാഗമം, കോട്ടയത്തെ പ്രമുഖ ക്നാനായ വൈദിക കുടുംബമായ ഇടവഴിക്കൽ തറവാട്ടിലെ മൂന്ന് തലമുറകൾ തുടർച്ചയായി എഴുതിയ നാളാഗമം, രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ സഭാജീവിതനാൾവഴി എന്നിവയിൽ നിന്നാണ് പ്രധാനമായും രേഖകൾ സമാഹരിച്ചിരിക്കുന്നത്.

ഡിജിറ്റൽ രൂപത്തിൽ പ്രചരിച്ചുവരുന്ന ഇടവഴിക്കൽ നാളാഗമം എന്ന അപ്രകാശിത ഗ്രന്ഥത്തിൽ നിന്നും, ഫാ. ഡോ. ജോസഫ് ചീരൻ പകർത്തിയെഴുതി *കണ്ടനാട് ഗ്രന്ഥവരി* എന്ന പേരിൽ പ്രസിദ്ധീകരിച്ച "മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ നാളാഗമ"ത്തിൽ നിന്നും ദീർഘകാല ഉദ്ധരണികൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. മലങ്കരസഭാ ചരിത്രത്തിലെ ഒട്ടേറെ വിടവുകൾ നികത്താനും, വിട്ടുപോയ പല കണ്ണികളും ഇണക്കി ചേർക്കാനും, പുതിയ ചരിത്രസത്യങ്ങളെ മനസ്സിലാക്കാനും ഈ ഗ്രന്ഥം ഉതകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

ഇടവഴിക്കൽ നാളാഗമത്തിന്റെ കൈയെഴുത്തുപ്രതി നിധിപോലെ സൂക്ഷിക്കുന്ന ശ്രീ. ഇ. എ. ഫിലിപ്പ് (ഇ. എം. ഫീലിപ്പോസിന്റെ മകൻ ഇ. പി. ഏബ്രഹാമിന്റെ പുത്രൻ) അതിൽ നിന്നുള്ള വിവരങ്ങൾ അന്വേഷിച്ചു ചെന്ന വർഗീസ് ജോൺ തോട്ടപ്പുഴയെയും എന്നെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും വിവരങ്ങൾ എഴുതി നൽകുകയും ചെയ്തിട്ടുള്ളത് നന്ദിപൂർവ്വം ഓർക്കുന്നു. നവീകരണ കൊടുങ്കാറ്റിൽ

നിന്നും മലങ്കരസഭയെ രക്ഷിച്ച് ഓറിയന്റൽ ഓർത്തഡോക്സ് (സ്തുതി ചൊവ്വാകപ്പെട്ട) വിശ്വാസത്തിലേയ്ക്ക് ഉപനയിച്ചതിൽ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിക്കൊപ്പം പ്രധാന പങ്ക് വഹിച്ചത് ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാരും അദ്ദേഹത്തിന്റെ പുത്രൻ ഫീലിപ്പോസ് കോറെപ്പിസ്കോപ്പായും പൗത്രൻ ഇ. എം. ഫീലിപ്പോസുമാണെന്ന സത്യം ഈ ഗ്രന്ഥം സുവ്യക്തമായി ഉദ്ഘോഷിക്കുന്നു. സഭയിലെ കക്ഷിവഴക്കുകളും പിളർപ്പുകളും കേസുകളുമൊക്കെ ആരംഭിച്ചതിന്റെ ചരിത്രമാണ് ഇവിടെ ചുരുൾ നിവരുന്നത്. മനുഷ്യന്റെ അഹങ്കാരവും സ്വാർത്ഥതയും തലമുറകൾക്ക് വരുത്തിവയ്ക്കുന്ന കുരുക്കുകളാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇതിൽനിന്നും പാഠം ഉൾക്കൊള്ളാൻ മലങ്കര നസ്രാണികൾക്ക് കഴിഞ്ഞാൽ, ഒരേ രക്തവും ഒരേ മാംസവുമായ അവർ ഒരു ആരാധക സമൂഹമായി മാറുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. മനുഷ്യന്റെ അഹങ്കാരത്തിനും സ്വാർത്ഥതയ്ക്കും മേൽ ദൈവത്തിന്റെ കൈ പ്രവർത്തിച്ച് മലങ്കരസഭയെ ഒരു ആരാധക സമൂഹമായി മാറ്റുവാൻ ദൈവകരുണയ്ക്കായി പ്രാർത്ഥിക്കാം.

പഴയകാല ചരിത്രരേഖകൾ ആയതിനാൽ, വായിച്ചാൽ മനസ്സിലാകാൻ വേണ്ടി ഇപ്പോഴത്തെ ഭാഷയിലാണ് പകർത്തിയെഴുതി ഇവിടെ അവതരിപ്പിക്കുന്നത്. അന്നത്തെ സാഹചര്യത്തിൽ ഉപയോഗിച്ച ചില വാക്കുകളുടെയും വാചകങ്ങളുടെയും അർത്ഥം ഇപ്പോൾ നമുക്ക് മനസ്സിലാകുന്നത് ആകണമെന്നില്ല എന്ന കാര്യവും പ്രത്യേകം ഓർമ്മിക്കുക.

കൈയെഴുത്തുപ്രതിയുടെ ഡിജിറ്റൽ കോപ്പിയുടെ പ്രിന്റ് ഉപയോഗിച്ചാണ് ഇടവഴിക്കൽ നാളാഗമം പകർത്തിയെഴുതിയത്. പ്രിന്റിൽ തെളിയാതെയും വായിക്കാൻ സാധിക്കാതെയും പോയ ഭാഗങ്ങൾ, ചില വ്യക്തിനാമങ്ങൾ, കുടുംബപേരുകൾ എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ഒഴിവാക്കിയിടത്തെല്ലാം മൂന്ന് കുത്തുകളിട്ട് അക്കാര്യം കാണിച്ചിട്ടുമുണ്ട്.

ശെമവൂൻ മാർ ദീവന്നാസ്യോസും, ഇടവഴിക്കൽ പിതാക്കന്മാരും എഴുതിയ നാളാഗമങ്ങളിൽ പറയുന്ന പല ചരിത്രസംഭവങ്ങളും മറ്റ് സഭാചരിത്ര പുസ്തകങ്ങളും രേഖകളുമായി ഒത്തുനോക്കുമ്പോൾ സത്യമെന്ന് തെളിയും. എന്നാൽ ചില കാര്യങ്ങൾ കേട്ടുകേൾവി മാത്രവും ഊഹാപോഹവുമെന്നും മനസ്സിലാകും. പ. അബ്ദൽ മശിഹാ ബാവായുടെയും അബ്ദുള്ളാ ബാവായുടെയും പേരുകൾ തമ്മിൽ തെറ്റിദ്ധരിച്ച് ചില കാര്യങ്ങൾ എഴുതിയിരിക്കുന്നതുൾപ്പെടെയുള്ളവ ഉദാഹരണം. ഗവേഷണ പഠനത്തിനുള്ള പ്രാഥമിക രേഖകൾ എന്ന നിലയിൽ ഇവയെ അവതരിപ്പിക്കുന്നുവെന്നല്ലാതെ, വിശദമായ അടിക്കുറിപ്പുകൾ നൽകി ശരിതെറ്റുകൾ തെളിയിക്കാനോ എഡിറ്ററുടെ നിലപാടുകൾ വായനക്കാരിലേക്ക് അടിച്ചേൽപിക്കുവാനോ ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നില്ല.

വൈദികനായിരുന്ന കാലം മുതൽ തന്റെ കൈയിൽ വരുന്ന പണം പുസ്തക പ്രസിദ്ധീകരണത്തിനായി ചെലവഴിച്ചുവരുന്ന അഭിവന്ദ്യ പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി സധൈര്യം ഈ പുസ്തക പ്രസിദ്ധീകരണം ഏറ്റെടുത്തതിൽ എങ്ങനെ നന്ദി പറയണമെന്നറിയില്ല. കാൽ നൂറ്റാണ്ടിലേറെയായി തിരുമേനിയുമായുള്ള സ്നേഹബന്ധത്തിന്റെ സദ്ഫലമാണതെന്നു വിശ്വസിക്കുന്നു. നന്ദി ഹൃദയത്തിൽ തന്നെ സൂക്ഷിക്കുന്നു.

1990-ൽ പഴയസെമിനാരി നാലുകെട്ടിൽ വച്ച് പരിചയപ്പെട്ടതാണ്, അന്ന് ഒന്നാം വർഷ വിദ്യാർത്ഥിയായിരുന്ന ഫാ. ജോൺ തോമസ് കരിങ്ങാട്ടിലിനെ. അന്നു മുതലുള്ള സ്നേഹബന്ധത്തിനിടയിൽ പല പുസ്തക പ്രസിദ്ധീകരണ സംരംഭങ്ങളിലും ഞങ്ങൾ ഒരുമിച്ചു. ഈ ഗ്രന്ഥത്തിന് പ്രൗഢമായ അവതാരിക എഴുതി നൽകിയ അച്ചനോടുള്ള കൃതജ്ഞത അറിയിക്കട്ടെ.

ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ എന്നിവർക്കൊപ്പമാണ് 1991 മുതൽ സഭാചരിത്ര ഗവേഷണരംഗത്ത് ഞാൻ പ്രവർത്തിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയിൽ നിന്ന് നിരവധി ഗ്രന്ഥങ്ങളും രേഖകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ആത്മസ്നേഹിതരായ അവരോടുള്ള നന്ദി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

മലങ്കരസഭ ഒന്നാണെന്ന ബോധ്യം, നമ്മൾ സഹോദരങ്ങളാണെന്ന തിരിച്ചറിവ്, ഒരുമിപ്പിനുള്ള അടങ്ങാത്ത ത്വര എന്നിവ ഉണർത്താൻ ഈ ഗ്രന്ഥം സഹായകരമായാൽ ഞങ്ങൾ സംതൃപ്തരായി. മലങ്കരസഭയെ സ്തുതി ചൊവ്വാകപ്പെട്ട സത്യവിശ്വാസത്തിലേക്കു വഴിതിരിച്ചുവിട്ട, അതിനായി അത്യദ്ധ്വാനം ചെയ്ത ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാരുടെയും മകൻ ഫീലിപ്പോസ് കോറെപ്പിസ്കോപ്പായുടെയും, മലങ്കരസഭയുടെ അസോസിയേഷൻ സെക്രട്ടറിയും പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ വ്യവഹാര കാര്യസ്ഥനുമായിരുന്ന് മലങ്കരസഭയ്ക്കു മഹത്തായ സംഭാവനകൾ നൽകിയ ഇ. എം. ഫീലിപ്പോസിന്റെയും പാവന സ്മരണയ്ക്കു മുമ്പിൽ ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

ദൈവം നന്മയാണ്. നന്മയുള്ളിടത്തെല്ലാം ദൈവസാന്നിദ്ധ്യമുണ്ടെന്ന് പഠിപ്പിച്ച, മലങ്കരസഭയുടെ യോജിപ്പിനായി അതിയായി ആഗ്രഹിച്ച, അതിനായി അക്ഷീണ പരിശ്രമം നടത്തിയ ഞങ്ങളുടെ ഗുരു ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ജീവിതവും ദർശനവുമാണ് ഇങ്ങനെയുള്ള സാഹസിക കൃത്യങ്ങൾക്ക് മുതിരുവാൻ പ്രേരിപ്പിക്കുന്നത്. എല്ലാം നന്മയ്ക്കായി തീരട്ടെ.

**ജോയ്സ് തോട്ടയ്ക്കാട്**

# ഉള്ളടക്കം


പ്രസാധകകുറിപ്പ് 5
അവതാരിക 8
ആമുഖം 16
പഴയ പദങ്ങളുടെ അർത്ഥം 21
Sources 29
പ്രധാന ലേഖകന്മാർ 32
1 1653-ലെ മട്ടാഞ്ചേരി പടിയോല 39
2 മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീലിന്റെ കല്പന 40
3 അഞ്ചാം മാർത്തോമ്മായുടെ മൂന്ന് കത്തുകൾ 43
4 ആർത്താറ്റ് പടിയോല 49
5 കണ്ടനാട്ട് പടിയോല 50
6 എട്ടാം മാർത്തോമ്മായോടുള്ള ചോദ്യങ്ങളും മറുപടിയും 53
7 കോട്ടയം പഴയസെമിനാരി വസ്തുവിന്റെ നിനവ് 62
8 കുന്നംകുളം പട്ടണം: ഫ്രാൻസിസ് ബുക്കാനന്റെ വിവരണം 63
9 ക്ലോഡിയസ് ബുക്കാനന്റെ വിവരണം 66
10 ജോസഫ് മാർ ദീവന്നാസ്യോസ്(പുലിക്കോട്ടിൽ ഒന്നാമൻ) 68
11 ഗീവർഗീസ് മാർ ദീവന്നാസ്യോസ് (പുന്നത്ര) 73
12 അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കത്ത് (1823 നവംബർ) 76
13 മാർ അത്താനാസ്യോസിന്റെ വരവും തിരിച്ചയക്കലും 78
14 കൽക്കട്ടായിലെ റജിനാൾഡ് ബിഷപ്പിന്റെ കത്തുകൾ (1825) 83
15 പാത്രിയർക്കീസിന് റവ. റോബിൻസൺ എഴുതിയ കത്ത് 93
16 ഫിലിപ്പോസ് മാർ ദീവന്നാസ്യോസ് (ചേപ്പാട്) 101
17 പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് 122
18 അന്ത്യോഖ്യൻ മെത്രാന്മാർ 201
19 പത്രോസ് പാത്രിയർക്കീസ് ബാവാ 226
20 കേരള കത്തോലിക്കാ സഭ 266
21 തൊഴിയൂർ സഭ 288
22 തിരു-കൊച്ചി ആംഗ്ലിയാ സഭ 297
23 പ. അബ്ദൽ മശിഹാ പാത്രിയർക്കീസ് 299
24 മാർത്തോമ്മാ സഭ 301
25 ജോസഫ് മാർ ദീവന്നാസ്യോസ് (പുലിക്കോട്ടിൽ രണ്ടാമൻ) 305
26 പ. പരുമല തിരുമേനി 375
27 ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ സ്ഥാത്തിക്കോൻ 377
28 ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ 388
29 പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ 476

30 പ. അബ്ദേദ് മ്ശീഹാ പാത്രിയർക്കീസ് ബാവാ 491
31 ഗീവർഗീസ് മാർ സേവേറിയോസ് ഇടവഴിക്കൽ 506
32 പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ 532
33 പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ 538
34 പ. പാമ്പാടി തിരുമേനിയുടെ 1935-ലെ കുന്നംകുളം യാത്ര 574
35 പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ 582
36 പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ 604
37 പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ കാതോലിക്കാ ബാവാ 625
38 പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ 632
39 പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ 638
40 മലങ്കര അസോസിയേഷൻ 1653 മുതൽ 2017 വരെ 649
41 മാർതോമ്മാ ശ്ലീഹായുടെ സിംഹാസനം കാതോലിക്കേറ്റിനു മുമ്പ് 659

# പഴയ പദങ്ങളുടെ അർത്ഥം

നിരവധി പ്രാചീന പദങ്ങളും അന്യഭാഷാപദങ്ങളും ഈ ഗ്രന്ഥത്തിൽ കാണുന്നുണ്ട്. അവയിൽ ചുരുക്കം ചിലവ മാത്രമാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. അത്തരം പദങ്ങളുടെ തന്നെ എല്ലാ അർത്ഥങ്ങളും കാണിച്ചിട്ടില്ല. പൊതുവെ പറഞ്ഞാൽ, സാധാരണ നിഘണ്ടുക്കളിൽ കാണാത്തതും ഈ ഗ്രന്ഥത്തിൽ കാണുന്നതുമായ ചില പദങ്ങളും അവയുടെ പ്രയോഗാർത്ഥങ്ങളും മാത്രമേ ഇവിടെ കൊടുത്തിട്ടുള്ളു.

| | | |
|---|---|---|
| അർക്കദിയാക്കോൻ *(ഗ്രീക്ക്)* | = | ആർച്ച് ഡീക്കൺ |
| അപ്പസ്തോപ്പാ *(സുറി.)* | = | ബിഷപ്പ് |
| അനന്തിരസുഖം | = | പിൻഗാമിത്വം |
| അവരാധിക്കുക | = | വ്യഭിചരിക്കുക |
| അരളിക്ക | = | തിരുശേഷിപ്പു പേടകം |
| ആയിസ്തപ്പെടുക | = | സഹകരിക്കുക, സംബന്ധിക്കുക |
| ഇംഗ്രേസ് | = | ഇംഗ്ലീഷ് |
| ഇളമീന്ന് | = | സഹായകൻ, പിൻഗാമി |
| ഊലാല *(സുറി.)* | = | സങ്കീർത്തനം |
| എലവിയർ | = | ലേവ്യർ |
| ഏവൻഗെലിത്ത *(സുറി.)* | = | സുവിശേഷകൻ |
| ഏവൻഗെലിയോൻ *(സുറി.)* | = | സുവിശേഷം |
| എപ്പിസ്ക്കോപ്പ (സുറി.) | = | ബിഷപ്പ് |
| എടത്തിലെ മര്യാദ | = | നാട്ടുനടപ്പ് |
| എടത്തുട് | = | വേദ വിപരീതം |
| എഴുത്തിട്ട് കൊടുക്കുക | = | ഒപ്പിടുക |
| ഏകോൽഭവിച്ചു | = | ഐക്യപ്പെട്ടു |
| ഐമോസ്യം | = | ഐക്യം |
| ഒപി | = | സ്നേഹം |
| ഒപ്പാരി | = | സദൃശ്യ വാക്യങ്ങൾ |
| ഓസ്തി (ലത്തീൻ) | = | പത്തീറ |
| കത്തനാർ | = | നാട്ടുകാരനായ ക്രിസ്ത്യൻ പുരോഹിതൻ |
| കശ്ശീശ | = | കത്തനാർ, പുരോഹിതൻ, Priest |
| കത്തങ്ങളുടെ | = | കത്തനാർമാരുടെ |
| കടുദാസു | = | കടലാസ്, എഴുത്ത് |
| കരിന്തല | = | തലമുറ |
| കഹനെ *(സുറി.)* | = | വൈദികൻ |

| | | |
|---|---|---|
| കുറി | = | ലേഖനം |
| കാരകാശ്ചിതമായ | = | കടുത്ത |
| കല്യൻ | = | കലി പണം |
| കയ്യാളിച്ചു | = | തോന്ന്യാസമായിട്ട് |
| കന്നിപ്പട്ടം | = | ശെമ്മാശ് സ്ഥാനം |
| കാറുകൊടൻ | = | ദുഷ്ടൻ |
| കാവ്യർ | = | പുറജാതിക്കാർ |
| കാപ്പ *(സുറി.)* | = | വൈദികരുടെ നീണ്ട പുറംകുപ്പായം |
| കാനോനാ *(ഗ്രീക്ക്)* | = | നിയമം |
| കാസോലിക്കാ (കാതോലിക്ക) *(ഗ്രീക്ക്)* | = | പ്രധാന മേലദ്ധ്യക്ഷൻ (റോമാ സാമ്രാജ്യത്തിനു വെളിയിൽ) |
| കാതോലിക്കാപ്പള്ളി | = | സാർവത്രിക സഭ |
| കാതൽസുഖം | = | കാതൽത്വം |
| കുറുവാന(കുർബാന) *(സുറി.)* | = | വിശുദ്ധ ബലി |
| കുറുവാനപ്പട്ടം | = | കശ്ശീശ സ്ഥാനം |
| കുമ്പഞ്ഞി | = | കമ്പനി |
| കൂടിവിചാരം | = | കൂടിയാലോചന |
| കെവുസാ *(സുറി.)* | = | സാക്ഷി പെട്ടകം |
| കെപ്പാലെഓൻ *(സുറി.)* | = | അദ്ധ്യായം |
| കൈവപ്പുകാർ | = | പട്ടക്കാർ |
| കൊറപ്പിസ്ക്കോപ്പ | = | Arch Priest |
| ചിറ്റാൺമക്കാർ | = | സേവകർ |
| ചിറ്റിമ്പം | = | വ്യഭിചാരം |
| ചിലവാർപ്പ് | = | ചിലവഴിക്കൽ |
| ചെമാശ് (ശെമ്മാശ്) *(സുറി.)* | = | ഡീക്കൺ |
| തക്സ *(സുറി.)* | = | ക്രമം |
| തണ്യ | = | മോശം |
| തീട്ടൂരം | = | രാജ കല്പന |
| ദർശനം | = | Order |
| ദെയ്‌വസുഖം | = | ദൈവത്വം |
| ദേവസയുടെ പൈശന്ന്യം | = | പിശാചിന്റെ അസൂയ |
| ദേവതപിടിത്തം | = | മന്ത്രവാദം |
| നിവ്യാ *(സുറി.)* | = | ദീർഘദർശി |
| നിവ്യൂസ *(സുറി.)* | = | പ്രവചനം |
| നീട്ട് | = | കല്പന |

| | | |
|---|---|---|
| നെറിവുകാരൻ | = | നീതിമാൻ |
| നെറ്റിയായിട്ടു | = | നിത്യനിദാനമായിട്ടു |
| പകച്ചു | = | തെറ്റി |
| പട്ടാങ്ങ | = | സത്യം |
| പട്ടസുഖം | = | പട്ടത്വം |
| പട്ടംകെട്ടുക | = | സ്ഥാനദാനം |
| പറങ്കി (അറബി) | = | പോർട്ടുഗീസുകാർ |
| പള്ളിത്തലെക്കാർ | = | കൈക്കാരന്മാർ |
| പത്തീറാ *(സുറി.)* | = | പുളിപ്പില്ലാത്ത അപ്പം |
| പടാർത്ഥ | = | പ്രസംഗം |
| പറ്റിൽ | = | കൈയ്യിൽ |
| പറ്റുശിട്ട് | = | രസീത് |
| പടിയോല | = | Minutes, യോഗനിശ്ചയം |
| പത്തിനാ | = | നഗരം |
| പാതിരി | = | നാട്ടുകാരനല്ലാത്ത ക്രിസ്ത്യൻ പുരോഹിതൻ |
| പാത്രിയർക്ക(ക്കീസ്) *(ഗ്രീക്ക്)* | = | പ്രധാന മേലദ്ധ്യക്ഷൻ (റോമാ സാമ്രാജ്യത്തിനുള്ളിൽ) |
| പിസാ | = | പെസഹാ (Passover) |
| പ്രപ്പു | = | പിറവി |
| പ്രാങ്കായെർ | = | പറങ്കികൾ |
| പ്രമാണത്താലെ | = | കല്പനയാലെ |
| ബാബാ (ബാവാ) *(സുറി.)* | = | പിതാവ് |
| മദുബഹാ *(സുറി.)* | = | ശുദ്ധസ്ഥലം |
| മൽപാൻ *(സുറി.)* | = | ഗുരു |
| മഗൂദശെ *(സുറി.)* | = | മൃഗ്ശേന്മാർ - പേഷ്യൻ ജ്ഞാനികൾ |
| മഫ്രിയാന *(സുറി.)* | = | കാതോലിക്കായ്ക്കു സമാനമായി അന്ത്യോക്യൻ സഭയിലെ സ്ഥാനി |
| മഹറൊൻ *(സുറി.)* | = | മുടക്ക് |
| മാവുന്ദാ *(സുറി.)* | = | മാംദാനാ - സ്നാപകൻ |
| മാമോദിസാ *(സുറി.)* | = | ജ്ഞാനസ്നാനം |
| മാനുഷസുഖം | = | മനുഷത്വം |
| മെത്രാപോലിത്താ *(സുറി.)* | = | ആർച്ച് ബിഷപ്പ് |
| മുഷ്ക്കരത്വം | = | അധികാരം |
| മുദ്രീയ | = | അടയാളം |

| | | |
|---|---|---|
| മുളകുമടിശ്ശീല | = | ഖജനാവ് |
| മുന്നസുഖം | = | ത്രിത്വം |
| മുക്കാൽവട്ടം | = | ക്ഷേത്രം |
| മുറോൻ *(സുറി.)* | = | വിശുദ്ധ തൈലം |
| മെസ്രെൻ | = | ഈജിപ്ത് |
| മെമ്രാ *(സുറി.)* | = | പാട്ട് |
| മേല്പട്ടസുഖം | = | മെത്രാൻ സ്ഥാനം |
| യവനായ | = | ഗ്രീക്ക് |
| യാവന | = | ഭക്ഷണം |
| യാഭരിച്ചു | = | പ്രവർത്തിച്ചു |
| യോഗം | = | സഭ |
| രാജികം | = | രാജത്വം |
| ലുത്തിനിയാ | = | Litany, ഒരു പ്രാർത്ഥന |
| വന്മുട്ടുകൾ | = | വലിയ അടിയന്തിരങ്ങൾ |
| വറുഗീദ് | = | പരിച്ഛേദന |
| വഴിപാട് | = | വംശം |
| വഴിക്കാല | = | മരണസമയത്തെ പ്രാർത്ഥന |
| വിവദിക്ക | = | തർക്കിക്കുക |
| വിപദു | = | തർക്കം |
| വിചാരിച്ച് | = | ഭരിച്ച് |
| വെള്ളംകുടി | = | പ്രാതൽ |
| ശ്ലീവാ (ശ്ലീബ.) *(സുറി.)* | = | കുരിശ് |
| ശ്ലീഹാ *(സുറി.)* | = | അപ്പോസ്തോലൻ |
| സന്തു | = | അവയവം |
| സാധനം | = | കല്പന |
| സിമനാരി *(സുറി.)* | = | വൈദിക വിദ്യാലയം |
| സുന്നെദോസ് *(ഗ്രീക്ക്)* | = | മത നേതാക്കളുടെ സംഘം |
| സുല്ലൂർത്തം | = | വ്യഭിചാരം |
| സുരാലിപ്പ് | = | ചിത്രപ്പണി |
| സൈത്ത് *(സുറി.)* | = | ഒലിവെണ്ണ |
| സെപ്രാ *(സുറി.)* | = | പുസ്തകം |
| സൗത്താത്തിക്കോൻ (സ്ഥാത്തിക്കോൻ) *(സുറി.)* | = | അധികാരപത്രം |
| ഹയ്ക്കല *(സുറി.)* | = | ദേവാലയം |
| ഹമ്മീറാ *(സുറി.)* | = | പുളിപ്പുള്ള അപ്പം |
| റമ്പസുഖം | = | റമ്പാൻ (സന്യാസ) സ്ഥാനം |
| റംപാശ്ചൻ | = | റമ്പാൻ |

| | | |
|---|---|---|
| റൂഹാദകുദശാ *(സുറി.)* | = | പരിശുദ്ധാത്മാവ് |
| അടിയാട്ടി | = | ദാസി, അടിമ |
| അരൂപി | = | ആത്മാവ്, ദൈവം, പരിശുദ്ധാത്മാവ് |

# II

| | | |
|---|---|---|
| അരിഷ്ടത | = | കഷ്ടത, ദൗർഭാഗ്യം, ദാരിദ്ര്യം |
| അയർക്കുക | = | ഛിദ്രിക്കുക, അകലുക, കോപിക്കുക, വെറുത്തു പറയുക, മൂർച്ഛിക്കുക, തളരുക |
| അയർപ്പ് | = | അകൽച്ച, ഭിന്നത, ഛിദ്രം, വിരോധം, വ്യതിചലനം |
| അറാൻ | = | ഇല്ലാതാക്കുവാൻ |
| അറ്റകുറ്റം | = | കുറവ്, കുറ്റം, ദോഷം, തെറ്റ് |
| അഴിവ്; അഴിക്കുക | = | നാശം, നശിപ്പ്; നശിപ്പിക്കുക |
| ആകൽക്കറുസ | = | സാത്താൻ, ദുഷ്ടാരൂപി |
| ആവലാതി (ധി) | = | സങ്കടാപേക്ഷ, പരാതി |
| ഇടത്തൂട് | = | വിപരീതമായത്, തെറ്റായമാർഗ്ഗം, വേദവിപരീതം, വേദവിരുദ്ധത, മതവിരോധം |
| ഉതപ്പ് | = | പാപം, കുറ്റം, ഇടർച്ച, എതിർപ്പ് (ഉത = കുറ്റംചെയ്യുക, പാപം ചെയ്യുക) |
| ഉത്തരിപ്പ് | = | പരിഹാരം; ഉത്തരവാദിത്തം, വീട്ടൽ, കൊടുത്തുതീർക്കൽ |
| ഉപവി | = | സ്നേഹം, സന്തോഷം കൃപ, ദാനം, ധർമ്മം, ഭൂതദയ, ജീവകാരുണ്യപ്രവൃത്തി |
| ഉപോഷിക്കുക | = | ഉപവസിക്കുക, വ്രതമെടുക്കുക |
| ഉരുവം | = | രൂപം |
| ഉഷ, ഉഷപ്പ് | = | ഉഷസ്സ്, പ്രകാശം, പ്രഭാതം |
| എരിവ് | = | തീക്ഷ്ണത, തീവ്രത |
| ഒരുവൻതമ്പുരാൻ | = | ഏകദൈവം |
| ഒപി (ഒവി, ഓപി, ഓവി) | = | ഉപവി, സ്നേഹം |
| ക്നൂമ | = | ആളത്തം |
| കടുമ; കടുമപ്പെട്ട | = | കടുപ്പം, കഠിനം, ദുഷ്ടത; കടുത്ത |
| കടിയവഴി | = | ദുർഘടമാർഗ്ഗം |

| | | |
|---|---|---|
| കപ്യം (കപ്പിയം); കപ്യക്കാരൻ | = | വ്യാജം, കളവ്; കള്ളൻ, നുണയൻ |
| കൽപ്പെട്ട | = | അധികമായ, വർദ്ധിച്ച |
| കാതൽ, കാതൽത്വം | = | തത്ത്വം, സാരാംശം, ഉണ്മ, സത്ത്, കാമ്പ് |
| കാവ്യർ | = | അക്രൈസ്തവർ, പുറജാതികൾ, വിജാതിയർ, ചണ്ഡാലർ. |
| കാഴ്ചക്കാർ | = | ദർശകർ, ദീർഘദർശിമാർ |
| കൊടൂരം (കൊഠൂരം); കൊടൂരക്കാരൻ | = | കാഠിന്യം, കഠോരം; കഠിനൻ |
| കൊണ്ടാടുക, കൊണ്ടാട്ടം | = | സമ്മതിക്കുക, ഏറ്റുപറയുക, ആദരിക്കുക; ആദരവ്, ആഘോഷം, സ്തോത്രം, സ്തുതി |
| കുരള | = | അസത്യം, കളവ്, നുണ, ഏഷണി |
| കൊള്ളുക | = | വാങ്ങുക, സ്വീകരിക്കുക |
| ചരതിക്കുക | = | ശേഖരിക്കുക, സൂക്ഷിച്ചുവയ്ക്കുക |
| ചണ്ഡാലർ | = | കാവ്യർ |
| ചവളപ്പെട്ട | = | ചവിണ്ട, മുഷിഞ്ഞ, ഭംഗിയില്ലാത്ത, മോശമായ, വൈരൂപ്യമുള്ള |
| ചോദ്യത്തിനുടെ ദിവസം | = | ന്യായവിധിദിവസം, അന്ത്യവിധി നാൾ |
| ജീവസ്സ് | = | ജീവൽക്കാലം, ജീവിതം, ജീവൻ, ചൈതന്യം |
| തണ്ണീർകുടി | = | വഴിയാഹാരം, പാഥേയം |
| തണ്യം (തണ്ണിയ) | = | ചീത്ത, ദുഷിപ്പ്, മോശം, അധർമ്മം |
| തണ്ണിയദിവസം | = | നിർഭാഗ്യദിനം |
| തണ്യവൻ | = | മോശക്കാരൻ, ഹീനൻ, ദുഷ്ടൻ, നീതികെട്ടവൻ |
| തിന്മപ്പെട്ടവൻ | = | ദുഷ്ടൻ, തെറ്റുകാരൻ |
| തീയത് | = | ചീത്ത, ദുഷിച്ചത്, തിന്മ |
| തേറുക; തേറ്റം | = | പശ്ചാത്തപിക്കുക; പശ്ചാത്താപം, വിശ്വാസം ഏറ്റുപറയൽ, അനുതാപഗീതം |
| ദിഷ്ടതി | = | ദിഷ്ടതയുടെ ദുഷിച്ച രൂപം. വിധി, കടമ, ആവശ്യം, അനിവാര്യം |
| ദിഷ്ടം | = | ഭാഗ്യം, വിധി; ദിഷ്ടി |
| ദിഷ്ടം | = | ദൈവികദാനം, ദൈവേച്ഛ |

| | | |
|---|---|---|
| ദുഷിപെട്ട | = | ചീത്തയായ, മോശമായ |
| ദേവസ | = | പിശാച്, അശുദ്ധാത്മാവ് |
| ദോഷത്താളർ | = | പാപികൾ, തെറ്റുകാർ |
| നിവ്യ | = | നിബിയ, പ്രവാചകൻ |
| നിരപ്പ് | = | സമാധാനം, യോജിപ്പ്, ഒത്തുതീർപ്പ്, ഐക്യം |
| നിരൂപണ | = | ആലോചന, ചിന്ത |
| നെറി, (നെറിവ്); നെറിവുകാരൻ, നെറിവാളൻ | = | നേർവഴി, ശ്രേഷ്ഠത, നീതി; നീതിമാൻ |
| നെറിവുകെട്ടവൻ | = | അധർമ്മി, അധമൻ, ദുഷ്ടൻ, നീതികെട്ടവൻ |
| പകച്ചു | = | തെറ്റിപ്പോയി |
| പട്ടാങ്ങ; പട്ടാങ്ങപ്പെട്ട | = | സത്യം; സത്യമുള്ള; |
| പട്ടാങ്ങ ചെയ്യുക | = | വാഗ്ദാനം ചെയ്യുക |
| പൂജ | = | ആരാധന, ശുശ്രൂഷ |
| പരിഷ (പരുഷ) | = | കൂട്ടം, ജാതി |
| പറഞ്ഞൊപ്പ് | = | വാഗ്ദാനം |
| പാവാട | = | പാകിയ ആട, വിരിച്ച തുണി, വിരിപ്പ് (വഴിയിലോ, ഇരിപ്പിടത്തിലോ) |
| പാഷണ്ഡത | = | മതവിശ്വാസമില്ലായ്മ, മതവിരുദ്ധാഭിപ്രായം, നാസ്തികത |
| പെരികെ | = | കൂടുതൽ, അധികം |
| പൈശൂന്യം | = | അസൂയ, തീരാപ്പക, ചതി |
| ബസ്ക്യാമ്മ | = | (ബസ്ക്യാമ, ബർസ്ക്യാമ) ഉടമ്പടിക്കാരി, സന്യാസിനി (പട്ടക്കാരന്റെ ഭാര്യ, കത്തനാരി, കത്തനാരത്തി) മസ്ക്യാമ എന്നത് ദുഷിച്ച രൂപം |
| ഭൂതീയം (ഭൂതിയം) | = | ഭൂതം, മൂലഘടകം, മൂലകം, വസ്തു. |
| നാലു ഭൂതിയം | = | ചതുർഭൂതങ്ങൾ |
| ഭൂഷപ്പെടുക, ഭൂഷിക്കുക | = | അലങ്കരിക്കുക, (വേഷം) ധരിക്കുക |
| മയ്യൽ (മയൽ) | = | മങ്ങൽ, മയക്കം, dusk, അരണ്ട |
| വെളിച്ചം, ഉഷസ്സ്; മയ്യലേ | = | രാവിലേ, രാവ് പോകുന്ന നേരം |

| | | |
|---|---|---|
| മിനക്കെടപ്പെട്ട | = | മിനക്കെട്ട, വ്യർത്ഥമായ, വെറുതെയുള്ള, അനാവശ്യമായ, നിഷ്ഫലമായ |
| മുറയിടുക; മുറയിടൽ | = | മുറവിളിക്കുക, വിലപിക്കുക; വിലാപം |
| മറുതലിപ്പ് | = | എതിർപ്പ്, വിരുദ്ധത |
| മുന്നത്വം (മുന്നസുവം) | = | ത്രിത്വം |
| മുമ്പിടുക | = | തുടക്കമിടുക, മുമ്പോട്ടു വരുക, മുമ്പിലാകുക |
| മുഷ്കരം; മുഷ്കരത്തം | = | ശക്തി, അധികാരം |
| മൂവൊരുവൻ | = | ത്രീയേകൻ, ത്രീയേകദൈവം |
| മെദ്രാ | = | പാട്ട്, ഗീതം |
| യാവന (യാപന) | = | ആഹാരം, തീറ്റ, ഉപജീവനമാർഗ്ഗം |
| വഹിയാ | = | വയ്യാ (സംസ്കൃതസാമ്യം വരുത്തിയത്); വഹിക്കുയില്ല |
| വാങ്ങി | = | പിന്തിരിഞ്ഞു |
| വിമ്മിട്ടം (വിമ്മിഷ്ടം) | = | വിഷമം, ശ്വസിക്കുവാൻ പ്രയാസം |
| വിലങ്ങിടം | = | കാരാഗൃഹം, തടങ്കൽ, തടവറ |
| സന്തുക്കൾ | = | (തന്തുക്കൾ) ശരീരാവയവങ്ങൾ, സന്ധികൾ |
| സ്വതകർമ്മം | = | സ്വതേയുള്ള പ്രവർത്തനം |
| സ്വത്വം | = | സമാധാനം, സ്വാതന്ത്ര്യം, സ്വസ്തി |
| സൂക്ഷിക്കുക | = | നോക്കുക, കരുതിയിരിക്കുക, കാക്കുക. |

*(ആദ്യ ഭാഗം ഡോ. എം. കുര്യൻ തോമസും രണ്ടാം ഭാഗം പി. തോമസ് പിറവവും തയ്യാറാക്കിയത്)*

# Sources

## 1. ഇട്ടൂപ്പ് റൈട്ടരുടെ സഭാചരിത്രം

കോട്ടയം പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ 1869-ൽ കൊച്ചിയിലെ വെസ്റ്റേൺ സ്റ്റാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*. മകൻ ജോസഫ് 1904-ൽ രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു. 2004, 2013 എന്നീ വർഷങ്ങളിൽ ചീരഞ്ചിറ മാർ ആദായി സ്റ്റഡി സെന്റർ പുനഃപ്രസിദ്ധീകരിച്ചു.

## 2. ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം

കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ ശെമവൂൻ മാർ ദീവന്നാസ്യോസ് രചിച്ച സഭാചരിത്രം. 1990-കളുടെ അവസാനം ചെങ്ങന്നൂർ ഭദ്രാസനാധിപനായിരുന്ന കാലംചെയ്ത തോമസ് മാർ അത്താനാസ്യോസ് തിരുമേനിയാണ് കടുങ്ങമംഗലം പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ഈ നാളാഗമം ഫോട്ടോസ്റ്റാറ്റ് എടുത്ത് സഭാചരിത്രകാരനായ ഡോ. എം. കുര്യൻ തോമസിന്റെ ശ്രദ്ധയിൽപെടുത്തിയത്. ഡോ. എം. കുര്യൻ തോമസാണ് ഈ കൃതിക്ക് 'ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം' എന്ന പേർ നൽകിയത്.

'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ ഫാ. ഡോ. ജോസഫ് ചീരൻ ഈ നാളാഗമം 2008-ൽ പ്രസിദ്ധീകരിച്ചു. നവീകരണ വിഭാഗം രൂപപ്പെടുന്നത്, പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ്, യൂയാക്കീം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, വെട്ടിക്കൽ ദയറാ സ്ഥാപനം, പരുമല സെമിനാരി സ്ഥാപനം, പത്രോസ് തൃതീയൻ ബാവായുടെ ആഗമനം, മുളന്തുരുത്തി സുന്നഹദോസ്, പരുമല സുന്നഹദോസ്, അസോസ്യേഷൻ - മാനേജിംഗ് കമ്മിറ്റി രൂപീകരണം, 1876-ലെ മൂറോൻ കൂദാശ, ഇതര കൂദാശകൾ, 6 മെത്രാന്മാരുടെ പട്ടംകൊടകൾ, ഭദ്രാസന വിഭജനം, സെമിനാരി വ്യവഹാരം തുടങ്ങി 19-ാം നൂറ്റാണ്ടിൽ നടന്ന സഭാചരിത്ര സംഭവങ്ങൾ ഒരു ദൃക്സാക്ഷി എന്ന നിലയിൽ ഗ്രന്ഥകാരൻ വിവരിക്കുന്നു. സഭാചരിത്രത്തെപ്പറ്റി നിലവിലിരുന്ന ഐതിഹ്യങ്ങളും ധാരണകളും ആമുഖഭാഗത്തുണ്ട്. 19-ാം നൂറ്റാണ്ടിലെ മലങ്കര സഭാചരിത്രം സംബന്ധിച്ച നിരവധി ആധികാരിക രേഖകൾ ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നു. 19-ാം നൂറ്റാണ്ടിലെ വിവാദവിഷയമായ സംഭവങ്ങളെപ്പറ്റി വിവിധ സഭകൾ ബോധപൂർവവും അല്ലാതെയും പില്ക്കാലത്ത് ചമച്ച പല ചരിത്രകഥകളും അടിസ്ഥാനരഹിതമെന്ന് ഈ സമകാലചരിത്രം സംശയാതീതമായി രേഖപ്പെടുത്തുന്നു.

## 3. ഇടവഴിക്കൽ നാളാഗമം

കോട്ടയം (ക്നാനായ) വലിയപള്ളി ഇടവകയിലെ പ്രമുഖ വൈദിക കുടുംബമാണ് ഇടവഴിക്കൽ. ആ കുടുംബത്തിലെ ഫീലിപ്പോസ് കത്തനാർ (1799–1867), അദ്ദേഹത്തിന്റെ പുത്രൻ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ (1832–1875), സഹോദരൻ ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ സേവേറിയോസ് (1851–1927), മലങ്കരസഭയുടെ അസോസിയേഷൻ സെക്രട്ടറിയും പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ വ്യവഹാര കാര്യസ്ഥനും, മലങ്കര ഇടവകപത്രികയുടെ പത്രാധിപരും, സഭാചരിത്രകാരനുമായ ഇ. എം. ഫീലിപ്പോസ് (ഫീലിപ്പോസ് കത്തനാരുടെ കൊച്ചുമകൻ), അദ്ദേഹത്തിന്റെ മകൻ ഇ. പി. മാത്യു എന്നിവർ 1830–1930 കാലഘട്ടത്തിൽ ഡയറിക്കുറിപ്പുകളായി എഴുതിവച്ച മലങ്കരസഭാ ചരിത്രമാണ് ഇടവഴിക്കൽ നാളാഗമം. 1350 പേജിലധികമുള്ള കൈയെഴുത്തുപ്രതി ഇ. എം. ഫീലിപ്പോസിന്റെ മകൻ ഇ. പി. ഏബ്രഹാമിന്റെ പുത്രൻ ഇ. എ. ഫിലിപ്പ് സൂക്ഷിക്കുന്നു.

സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴയാണ് ഈ നാളാഗമത്തിൽ നിന്നുള്ള ഭാഗങ്ങൾ ലേഖനങ്ങളിൽ ഉദ്ധരിച്ച് 1990–കളിൽ ഈ ചരിത്രഗ്രന്ഥത്തെ സഭാതലത്തിൽ പരിചയപ്പെടുത്തിയത്. ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം, യാക്കൂബ് തൃതീയൻ രചിച്ച 'ഇന്ത്യയിലെ സുറിയാനി സഭാചരിത്രം' ഇ. എം. ഫീലിപ്പോസിന്റെ 'മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ' എന്നീ ചരിത്രഗ്രന്ഥങ്ങൾ രചിക്കുവാൻ ഈ ഡയറിക്കുറിപ്പുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മലയാളം അക്കങ്ങളാണ് നാളാഗമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പത്ത്, നൂറ്, ആയിരം എന്നിവയ്ക്കും കാൽ, അര, മുക്കാൽ തുടങ്ങിയവയ്ക്കും പ്രത്യേക ചിഹ്നങ്ങളാണ് പകുതിയോളം ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് എന്നതിനാൽ കൃത്യമായ വർഷം, അളവ് എന്നിവ വായിച്ചു മനസ്സിലാക്കുക ശ്രമകരമാണ്.

## 4. സഭാജീവിത നാൾവഴി

രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ, ശെമ്മാശനായിരുന്ന കാലം മുതൽ എഴുതിയ ഡയറിക്കുറിപ്പുകളാണ് 'സഭാജീവിത നാൾവഴി'. ജേക്കബ് കൊച്ചേരി, ഡോ. എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ ചേർന്ന് സംശോധനം ചെയ്ത് ഔഗേൻ മാർ ദീവന്നാസ്യോസ് "കാതോലിക്കേറ്റിന്റെ നിധി" എന്ന പേരിൽ 2006–ൽ പ്രസിദ്ധീകരിച്ചു. 'സഭാജീവിത നാൾവഴി' എന്ന് ഡയറിക്കുറിപ്പുകൾക്ക് പേര് നൽകിയത് സഭാചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ് ആണ്.

## 5. ഇ. എം. ഫീലിപ്പോസിന്റെ സഭാചരിത്രം

The Indian Church of St. Thomas എന്ന പേരിൽ ഇ. എം. ഫിലിപ്പ് ഇംഗ്ലീഷിൽ രചിച്ച സഭാചരിത്ര ഗ്രന്ഥത്തിന്റെ വിവർത്തനം *മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ എന്ന പേരിൽ* മകൻ ഇ. പി. മാത്യു തർജമ ചെയ്ത് 1927-ൽ പ്രസിദ്ധീകരിച്ചു. ചിങ്ങവനത്തു നിന്നും 1951-ൽ പുനഃ പ്രസിദ്ധീകരിച്ചു.

ഇംഗ്ലീഷ് ഗ്രന്ഥം 1950-ൽ നാഗർകോവിൽ നിന്നും പ്രസിദ്ധീകരിച്ചു. 2002-ലും 2014-ലും ചീരഞ്ചിറ മാർ ആദായി സ്റ്റഡി സെന്റർ പുനഃപ്രസിദ്ധീകരിച്ചു.

# പ്രധാന ലേഖകന്മാർ

## 1. പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ (1869–1928)

വാകത്താനം കാരുചിറ പൗലൂസിന്റെ രണ്ടാമത്തെ പുത്രൻ. ജനനം 1870 ജനുവരി 11. കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ, വട്ടശ്ശേരിൽ മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവർ ഗുരുനാഥന്മാർ. 1886 ജൂൺ 13-ന് കോറൂയോ; 1892 സെപ്തം. 18-ന് ശെമ്മാശൻ, 1896 ആഗസ്റ്റ് 16-ന് കശ്ശീശാ, 1896 ആഗസ്റ്റ് 23-ന് റമ്പാൻ എന്നീ സ്ഥാനങ്ങൾ കടവിൽ അത്താനാസ്യോസ് നൽകി. 1908–1910 വരെ ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ.

അബ്ദുൽ മശിഹാ ബാവ 1913 ഫെബ്രുവരി 9-ന് മെത്രാപ്പോലീത്താ ആക്കി. കോട്ടയം-അങ്കമാലി മെത്രാനായി. ആലുവാ തൃക്കുന്നത്തു സെമിനാരി, പുതുശ്ശേരി എം. ജി. ഡി. സ്കൂൾ, വാകത്താനം. എൽ. പി. ബി. സ്കൂൾ, എൽ. പി. ജി. സ്കൂൾ, ഇത്തിത്താനം സ്കൂൾ, വള്ളിക്കാട്ട് ദയറാ ചാപ്പൽ പൂർത്തീകരണം എന്നിവ അദ്ദേഹത്തിന്റെ സംഭാവന. 1925 ഏപ്രിൽ 29-ന് നിരണം അസോസ്യേഷൻ തെരഞ്ഞെടുത്തതനുസരിച്ച് 1925 ഏപ്രിൽ 30-ന് നിരണത്ത് വച്ച് ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ ആയി. ബഥനിയുടെ മാർ ഈവാനിയോസിനെ 1925 മെയ് 1-ന് മെത്രാപ്പോലീത്തായായി വാഴിച്ചു. 1928 ഡിസം. 17-ന് നെയ്യൂർ ആസ്പത്രിയിൽ കാലം ചെയ്തു. ആസ്ഥാനമായ വള്ളിക്കാട്ട് ദയറായിൽ ഡിസം. 18-ന് കബറടക്കി.

## 2. ശെമവൂൻ മാർ ദീവന്നാസ്യോസ്

പത്രോസ് തൃതീയൻ ബാവാ കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് 1877 മെയ് 17-ന് മെത്രാപ്പോലീത്താ ആയി വാഴിച്ചു. കൊച്ചിയുടെ പ്രഥമ മെത്രാനായി നിയമിച്ചു. കൊച്ചിയിലെ ഭൂരിപക്ഷം പള്ളികളും അദ്ദേഹത്തെ സ്വീകരിച്ചില്ല. സ്വന്തം ഇടവകയായ കണ്ടനാട് പള്ളിയുടെ ഒരു മുറിയിൽ താമസിച്ചു. അവിടെത്തന്നെ കുർബ്ബാന അർപ്പിച്ചുപോന്നു. ഇദ്ദേഹം എഴുതിയ അപ്രകാശിത കൈയെഴുത്ത് കൃതിയാണ് ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം. *കണ്ടനാട് ഗ്രന്ഥവരി* എന്ന പേരിൽ ഫാ. ഡോ. ജോസഫ് ചീരൻ എഡിറ്റ് ചെയ്ത് ഈ നാളാഗമം പ്രസിദ്ധീകരിച്ചു. 18-ാം നൂറ്റാണ്ടിലെ വിശദമായ മലങ്കരസഭാ ചരിത്രമാണിത്. 1886 ഒക്ടോബർ 2-ന് കാലം ചെയ്തു. കടുങ്ങമംഗലം പള്ളിയിൽ കബറടക്കപ്പെട്ടു.

## 3. ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ (1799-1867)

കോട്ടയം താഴത്തങ്ങാടി ഇടവഴിക്കൽ കുടുംബത്തിൽ 1799-ൽ ജനിച്ചു. 1815 മാർച്ചിൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ആരംഭിച്ചപ്പോൾ ആദ്യ ബാച്ചിലെ വിദ്യാർത്ഥിയായി വൈദികപഠനം ആരംഭിച്ചു. അന്ത്യോഖ്യയിൽ നിന്നും വന്ന അത്താനാസ്യോസ് അബ്ദൽ മശിഹാ മെത്രാപ്പോലീത്തായിൽ നിന്നും കശ്ശീശാപട്ടം പുനരായി ഏറ്റു. മാർ അത്താനാസ്യോസിൽ നിന്നും പട്ടമേറ്റവർക്കെതിരെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസ് സർക്കാരിൽ പരാതിപ്പെട്ടതനുസരിച്ച് പത്തു മാസം ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്നു. തിരുവെഴുത്ത് വിളംബരം അനുസരിക്കാതിരുന്നതിന് 504 കലിപ്പണം പിഴയും ഈടാക്കി, മലങ്കര മെത്രാനെ അനുസരിക്കാമെന്നു കച്ചീട്ട് എഴുതിവെയ്പിച്ചാണ് ജയിലിൽ നിന്നും മോചിതനാക്കിയത്.



പാലക്കുന്നത്ത് അത്താനാസ്യോസിന്റെ നവീകരണ നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം തീർത്തു. അത്താനാസ്യോസിന്റെ വിരോധം മൂലം ഒരു കേസിൽ ശിക്ഷിക്കപ്പെട്ട് 1000 രൂപ പിഴയടക്കേണ്ടി വന്നു. സ്വന്തം വീട് വിറ്റാണ് തുക കണ്ടെത്തിയത്.

അന്ത്യോഖ്യാ പാത്രിയർക്കീസുമായി നിരന്തരം കത്തിടപാടുകൾ നടത്തുകയും സത്യവിശ്വാസ സംരക്ഷണാർത്ഥം യൂയാക്കീം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ് എന്നിവരെ മലങ്കരയിലെത്തിക്കുകയും ചെയ്തു. വിദേശ മെത്രാന്മാരുടെ പ്രവർത്തനങ്ങൾ വിജയത്തിലെത്തുന്നില്ലെന്ന് കണ്ടപ്പോൾ, സ്വദേശിയായ പുലിക്കോട്ടിൽ കുടുംബത്തിലെ ഇട്ടൂപ്പ് കത്തനാരെ വിളിച്ചു വരുത്തി നിർബന്ധിച്ച് അന്ത്യോഖ്യൻ പാത്രിയർക്കീസിന് ശുപാർശകത്ത് നൽകി അയച്ച് മെത്രാപ്പോലീത്തായാക്കി. പുലിക്കോട്ടിൽ രണ്ടാമന്റെ വിജയം കാണാൻ ഭാഗ്യമില്ലാതെ 1867 മെയ് 10-ന് 68-ാം വയസ്സിൽ നിര്യാതനായി.

ഫീലിപ്പോസ് കത്തനാരുടെ നിര്യാണത്തെക്കുറിച്ച് കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ ശെമവൂൻ മാർ ദീവന്നാസ്യോസ് അദ്ദേഹത്തിന്റെ നാളാഗമത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "1042-ാമാണ്ട് ഇടവ മാസം കോട്ടയത്ത് വലിയപള്ളിയിൽ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരച്ചൻ മരിച്ചു. ഇദ്ദേഹം 80-ൽ ചില്വാനം വയസ്സു

വരെ ജീവിച്ചിരുന്നു. ഇതിനിടയിൽ ചെയ്തിരിക്കുന്ന വിസ്മയങ്ങളും ഉണ്ടാക്കിയിരിക്കുന്ന പുസ്തകങ്ങളും ആയതിലെ യുക്തികളും മറ്റു പല സംഗതികളും ഓർത്തു നോക്കുമ്പോൾ ഇതുപോലെ ബോധമുള്ള മനുഷ്യൻ ജനിക്കയില്ല എന്ന് നിരൂപിക്കാം. എങ്കിലും എല്ലാവന്റെയും സ്രഷ്ടാവ് ദൈവമാകയാൽ അവിടത്തേക്ക് ഇവ ഒന്നും പ്രയാസമില്ല എന്നും ഉറയ്ക്കാം. ഇദ്ദേഹത്തെ ഈ രാജ്യത്തു തന്നെയല്ല എഴുത്തു മുഖാന്തിരത്താൽ അന്ത്യോഖ്യാ മുതലായ സ്ഥലങ്ങളിലും സമ്മതിച്ചിരിക്കുന്നതു തന്നെയല്ല ഇംഗ്ലണ്ടിൽ നിന്ന് പല തർക്ക ചോദ്യങ്ങൾ എഴുതി വന്നതിനാൽ ആയതിനൊക്കെയും മതിയായ യുക്തിയോടും സാക്ഷിയോടും കൂടി ആ വക തർക്ക ചോദ്യങ്ങൾക്ക് മറുപടി എഴുതിയാറെ ഈ ദേശത്ത് പാർത്തുവരുന്ന വെള്ളക്കാരും അവിടെയുള്ള വെള്ളക്കാരും സമ്മതിച്ചിരിക്കുന്നു. പല പുസ്തകങ്ങളും ഇദ്ദേഹം ഉണ്ടാക്കിയിട്ടുണ്ട്. ആയതിൽ വെന്തിങ്ങാ പുസ്തകമെന്ന് നാമധേയമായി ഒരു ചോദ്യോത്തര പുസ്തകമുണ്ടാക്കിയത് വെള്ളക്കാർ കണ്ടാറെ ഇനാം കൊടുത്തു വാങ്ങി ധർമ്മമായി അച്ചടിച്ച് പ്രസിദ്ധം ചെയ്തു. ആയതിൽ വെന്തിങ്ങാ ഇടുന്നതിനെക്കൊണ്ടുള്ള തർക്കവും രൂപം വെയ്ക്കുന്നതിനെ കൊണ്ടും ബസ്പുർക്കാന എന്നു പറയുന്നതിനെ കൊണ്ടും റോമാ പാപ്പായുടെ പററിൽ മോക്ഷത്തിന്റെയും നരകത്തിന്റെയും താക്കോൽ ഉണ്ടെന്ന് പറഞ്ഞുവരുന്നതിനെയും കൊണ്ടുള്ള തർക്കങ്ങളാകുന്നു. ഇതു കൂടാതെയുള്ള പുസ്തകങ്ങൾ ഇദ്ദേഹം ഗതിക്ഷയക്കാരനാക കൊണ്ട് സഹായിപ്പാനാളില്ലാതെ വന്നതിനാൽ അച്ചടിച്ച് പ്രസിദ്ധം ചെയ്യുന്നതിന് ഇട വന്നില്ല. ഇദ്ദേഹം മരിക്കുന്ന സമയം മക്കളിൽ ഒരു കത്തനാരച്ചനും ഒരു ശെമ്മാശനുമുണ്ട്. ഇവർ പഠിത്തമുള്ളവരാകുന്നുവെങ്കിലും ഇതു പോലെയുള്ള യുക്തികൾ ഉണ്ടാകുന്നതല്ലായെന്ന് എല്ലാ ജനവും പ്രസിദ്ധമായി പറഞ്ഞുവരുന്നു.”

സഹധർമ്മിണി: കുഞ്ഞാച്ചി. ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ, ഗീവർഗീസ് മാർ സേവേറിയോസ് എന്നിവരുൾപ്പെടെ ഒമ്പതു മക്കൾ.

സുറിയാനി ഭാഷയിലും വേദശാസ്ത്രത്തിലും പണ്ഡിതനായിരുന്നു. സുറിയാനിയിൽ പല കവിതകളും, സഭാചരിത്ര വിശ്വാസ സംബന്ധമായ ലേഖനങ്ങളും ചോദ്യോത്തരങ്ങളും രചിച്ചിട്ടുണ്ട്. 1842-ൽ എഴുതിയ ‘സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി’ എന്ന ഗ്രന്ഥം 2003-ൽ പ്രസിദ്ധീകരിച്ചു. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് രചിച്ച ‘ഇന്ത്യയിലെ സുറിയാനി സഭാചരിത്രം’ എന്ന ഗ്രന്ഥത്തിൽ (കോട്ടയം, മോർ ആദായി സ്റ്റഡി സെന്റർ, 2010) ഇദ്ദേഹത്തിന്റെ രചനകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട് (പേജ് 359-369).

## 4. ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ (1832–1875)

ഫീലിപ്പോസ് കത്തനാരുടെ നാലാമത്തെ പുത്രനായി 1832-ൽ ജനിച്ചു. 1850 ജൂൺ 23 (മിഥുനം 11) ന് പെന്തിക്കുസ്തി ദിവസം മുളന്തുരുത്തി പള്ളിയിൽ വച്ച് സ്തേഫാനോസ് മാർ അത്താനാസ്യോസ് ശെമ്മാശു പട്ടം നൽകി. 1851 ഒക്ടോബർ 5-ന് പഴഞ്ഞി പള്ളിയിൽ വച്ച് യൂയാക്കീം മാർ കൂറിലോസ് കശ്ശീശാ, കോറെപ്പിസ്കോപ്പാ സ്ഥാനങ്ങൾ കൊടുത്തു. അവിവാഹിത പട്ടക്കാരൻ ആയിരുന്നു.



സുറിയാനി, വേദശാസ്ത്രം, കാനോനുകൾ മുതലായവയിൽ പണ്ഡിതനായിരുന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ വേദവിപരീതങ്ങൾക്കെതിരെ ശക്തമായി നിലകൊണ്ടു. അന്ത്യോഖ്യൻ പാത്രിയർക്കീസുമായും മറ്റും സ്ഥിരമായി കത്തിടപാടുകൾ നടത്തി. ചിങ്ങവനം ദയറാ സ്ഥാപിച്ചു. 1873-ൽ കൊച്ചിയിലെ മാർത്തോമസ് അച്ചുകൂട്ടത്തിൽ നിന്നും 'സുറിയാനിസഭാ പഞ്ചാംഗം' പ്രസിദ്ധീകരിച്ചു.

കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'പശ്ചിമതാരക-കേരള പതാക' പത്രത്തിലും ഇംഗ്ലണ്ടിൽ നിന്നുള്ള പല ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളിലും നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 'The Nature of the Syrian Church' എന്ന ഗ്രന്ഥം 1869-ൽ ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചു. മലയാള തർജ്ജമ 'യാക്കോബായ സുറിയാനി സഭയുടെ സ്വരൂപം' എന്ന പേരിൽ 1879-ൽ സഹോദരനായ ഗീവർഗീസ് കത്തനാർ (പിന്നീട് മാർ സേവേറിയോസ്) പ്രസിദ്ധപ്പെടുത്തി.

1875 മെയ് 26-ന് 43-ാം വയസ്സിൽ നിര്യാതനായി.

## 5. ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് (1851–1927)

ഫീലിപ്പോസ് കത്തനാരുടെ ഇളയപുത്രനായി 1851 നവംബർ 12-ന് ജനിച്ചു. 1862 ഓഗസ്റ്റ് 10-ന് ഞായറാഴ്ച കോട്ടയം ചെറിയപള്ളിയിൽ വച്ച് യൂയാക്കീം മാർ കൂറിലോസിൽ നിന്നും കോറൂയോ പട്ടമേറ്റു. ജ്യേഷ്ഠൻ ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പായുടെ ശിക്ഷണത്തിൽ



വൈദികപഠനം പൂർത്തിയാക്കി. 1875 ഏപ്രിൽ 25-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിൽ നിന്നും കോട്ടയം പുത്തൻപള്ളിയിൽ വച്ച് കശ്ശീശാ സ്ഥാന മേറ്റു. ഇഗ്നാത്യോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് 1910 ഓഗസ്റ്റ് 21-നു പാമ്പാക്കുട വലിയപള്ളിയിൽ വച്ച് റമ്പാനാക്കി. 28-ന് കൂത്താട്ടുകുളം വടകര വി. യോഹന്നാൻ മാംദാനയുടെ പള്ളിയിൽ വച്ച് അബ്ദുള്ളാ ദ്വിതീയൻ, 'മാർ സേവേറിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനം നൽകി. മലങ്കരയിലെ ക്നാനായ സുറിയാനിക്കാരുടെ ദേവാലയങ്ങൾ ചേർത്ത് ക്നാനായ ഭദ്രാസനം രൂപീകരിച്ചതിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയി നിയമിതനായി. കോട്ടയം വലിയപള്ളി ആസ്ഥാനമാക്കി ഭദ്രാസന ഭരണം നിർവ്വഹിച്ചു.

ഭദ്രാസനത്തിലെ വിശ്വാസികളെയും പുരോഹിതന്മാരെയും കത്തോലിക്കാ സഭയിൽ ചേർക്കാൻ നടന്ന ശ്രമങ്ങൾക്കെതിരെ ധീരതയോടെ പൊരുതി. മലങ്കരസഭയിലെ ഭിന്നതയ്ക്കു പരിഹാരം കാണാൻ 1920 മെയ് 25-ന് എറണാകുളത്തു വച്ച് നടന്ന സന്ധിആലോചന വിളിച്ചു കൂട്ടുകയും അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

1927 ജൂൺ 11-നു കാലം ചെയ്തു. പിറ്റേദിവസം കോട്ടയം വലിയ പള്ളിയിൽ കബറടക്കി.

## 6. പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ (1821-1869)

അച്ചടിച്ച് പ്രസിദ്ധീകരിച്ച (1869) ആദ്യത്തെ മലയാളം സഭാചരിത്രത്തിന്റെ ഗ്രന്ഥകർത്താവ്. 'മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം' മികച്ച ഗവേഷണഗ്രന്ഥമാണ്. നവീകരണത്തോടുള്ള ആഭിമുഖ്യം പലപ്പോഴും മറനീക്കി പുറത്തു വരുന്നുണ്ട്. ഇത്രയേറെ ചരിത്രരേഖകൾ പരിശോധിച്ച സഭാചരിത്രകാരന്മാർ ഏറെയില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ സതീർത്ഥ്യൻ. കോട്ടയം പുകടിയിൽ കുടുംബാംഗമായ ഇദ്ദേഹം 1864-ൽ ബ്രിട്ടീഷ് കൊച്ചിയിൽ നിന്ന് അക്കര കുര്യൻ റൈട്ടർ പ്രസിദ്ധീകരിച്ച 'പശ്ചിമ താരക' എന്ന പത്രത്തിന്റെ പത്രാധിപർ ആയി കുറേക്കാലം പ്രവർത്തിച്ചിട്ടുണ്ട്. കയ്യെഴുത്തുരൂപത്തിൽ ലഭ്യമായ ഒരു പ്രാചീന സഭാചരിത്രവും *നിരണം ഗ്രന്ഥവരി*യും അദ്ദേഹം ഗ്രന്ഥരചനയ്ക്ക് അവലംബമാക്കിയെന്നു കരുതുന്നു. ചില വർഷങ്ങൾ, ആ പുസ്തകത്തിൽ ചേർത്തിട്ടു

ള്ളത് തെറ്റായിട്ടാണ്. പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ റൈട്ടർ എന്ന നിലയിൽ സഭയുടെ ഔദ്യോഗികരേഖകൾ പരിശോധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് 1906-ലും മൂന്നാം പതിപ്പ് 2004-ലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ഇട്ടൂപ്പ് എഴുതിയ സഭാചരിത്രത്തെ വിമർശിച്ചുകൊണ്ട് ആ കാലഘട്ടത്തിൽ തന്നെ (1872-ൽ) കേരളത്തിലെ റോമ്മൻ കത്തോലിക്കാ വിഭാഗം കൂനമ്മാവ് ആശ്രമത്തിൽ നിന്ന് 'കേരള രാജ്യത്തിലെ സത്യവേദ ചരിത്രം' എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 7. ഇ. എം. ഫീലിപ്പോസ് (1857–1914)

ഫീലിപ്പോസ് കത്തനാരുടെ മൂത്തപുത്രൻ കൊച്ചുമാത്തുവിന്റെ ഏകപുത്രനായി 1857 ജനുവരി 28-ന് ജനിച്ചു. 1882 മകരത്തിൽ ചേർത്തല ഡിസ്ട്രിക്റ്റ് സ്കൂൾ ഹെഡ്മാസ്റ്ററായി ചാർജ്ജെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭിച്ചു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ആവശ്യപ്രകാരം ജോലി ഉപേക്ഷിച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ സെക്രട്ടറിയായി ചുമതലയേറ്റു. 1910 വരെ ഈ സ്ഥാനം വഹിച്ചു. പുലിക്കോട്ടിൽ തിരുമേനിയുടെ വ്യവഹാര കാര്യസ്ഥനും പ്രൈവറ്റ് സെക്രട്ടറിയുമായിരുന്നു.



1893 ജനുവരി 30-ന് ആരംഭിച്ച കോട്ടയം എം.ഡി. ഹൈസ്കൂളിന്റെ കറസ്പോണ്ടന്റായും സെക്രട്ടറിയായും (1892–1909), ഇടയ്ക്കു ചുരുങ്ങിയ കാലം മാനേജരായും സേവനം അനുഷ്ഠിച്ചു. 'ഇടവകപത്രിക' യുടെ പത്രാധിപരായി ദീർഘകാലം പ്രവർത്തിച്ച് നവീകരണസഭകളിൽ നിന്നുള്ള അധിക്ഷേപങ്ങളെ ചുട്ട മറുപടി കൊടുത്ത് പ്രതിരോധിച്ചു. ലണ്ടനിലെ ചർച്ച് ടൈംസ്, അമേരിക്കയിലെ ലിവിംഗ് ചർച്ച് എന്നീ ആംഗ്ലിക്കൻ സഭയുടെ പത്രങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതി.

സെമിനാരി വ്യവഹാരം റോയൽ കോടതി വിധിയിലൂടെ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിക്ക് അനുകൂലമായി ലഭിച്ച് സെമിനാരി കൈവശമായപ്പോൾ, ആ വിധിയുടെ സ്മരണയ്ക്കായി, ഇ. എം. ഫീലിപ്പോസ് മെത്രാപ്പോലീത്തായെ വിധി വായിച്ചുകേൾപ്പിക്കുന്ന ഒരു ഛായാചിത്രം രാജാരവിവർമ്മയെക്കൊണ്ട് വരപ്പിച്ച് തന്റെ സന്തതസഹചാരിയെ

മെത്രാപ്പോലീത്താ അനശ്വരനാക്കി. ഈ ഛായാചിത്രം ഇപ്പോൾ ദേവലോകത്തെ പുതിയ കാതോലിക്കേറ്റ് ഓഫീസ് സമുച്ചയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

The Indian Church of St. Thomas, മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ, സുറിയാനി മതോപദേശ പാലനം തുടങ്ങിയ സഭാചരിത്ര, വിശ്വാസ സംബന്ധമായ ഒട്ടേറെ ലേഖനങ്ങളും, ഗ്രന്ഥങ്ങളും, താർക്കിക കൃതികളും രചിച്ചു.

കോട്ടയം വലിയപള്ളി മുറിയിൽ 'ക്നാനായ പ്രദീപിക' എന്ന പേരിൽ ഒരു പ്രസ്സ് സ്ഥാപിച്ച് 1890 മുതൽ കുറെക്കാലം 'മലയാള വിനോദിനി' എന്ന പേരിൽ ഒരു വർത്തമാനപത്രം (മാസത്തിൽ രണ്ടുതവണ) പ്രസിദ്ധീകരിച്ചു. പത്രാധിപരും പ്രസ്സ് നടത്തിപ്പുകാരനുമായി പ്രവർത്തിച്ചു.

32 വർഷം 'മലങ്കര സുറിയാനി ക്നാനായ കമ്മിറ്റി' സെക്രട്ടറിയായും 18 വർഷം 'മലങ്കര ഇടവകപത്രിക' പത്രാധിപരായും, മലയാള മനോരമ ഡയറക്ടർ ബോർഡ് ചെയർമാനായും, സഭയുടെ കീഴിലുള്ള 250-ലേറെ സ്കൂളുകളുടെ പ്രധാന ചുമതലക്കാരനായും സേവനം ചെയ്തു.

1914 ഓഗസ്റ്റ് 25-ന് നിര്യാതനായി.

## 8. അഡ്വ. ഇ. പി. മാത്യു (1888–1973)

ഇ. എം. ഫീലിപ്പോസിന്റെ പുത്രൻ. ബി.എ., ബി.എൽ. ബിരുദങ്ങൾ സമ്പാദിച്ചു. പിതാവ് രചിച്ച *മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ* എന്ന ഇംഗ്ലീഷ് ഗ്രന്ഥം പരിഭാഷപ്പെടുത്തി 1929-ൽ പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷ് ഗ്രന്ഥം 1950-ൽ പ്രസിദ്ധീകരിച്ചു. ഗീവർഗീസ് മാർ സേവേറിയോസിന്റെ കറസ്പോണ്ടന്റ് ആയിരുന്നു.

മലബാർ കൃഷി വ്യവസായ കമ്പനി സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. 1964-ൽ ഷെവലിയർ സ്ഥാനം ലഭിച്ചു. ക്നാനായ സമുദായ സെക്രട്ടറിയായും മാർ സേവേറിയോസ് വിദ്യാഭ്യാസനിധിയുടെ ആദ്യ ട്രസ്റ്റിയായും സേവനം അനുഷ്ഠിച്ചു.

1973 ജൂൺ 29-ന് നിര്യാതനായി.